VOL NO: 09
ISSUE 20
2025 MAY 17
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ ആരാണ് ഭീകരവാദികൾ?

# യുദ്ധ കാലത്തെ 'വിശുദ്ധ നുണകൾ'



അതിർത്തിയിൽ സംഘർഷം ഉടലെടുത്തപ്പോൾ തന്നെ മാധ്യമനുണയന്മാർ ചെരുപ്പ് ധരിച്ച് ലോകപര്യടനം തുടങ്ങിയിരുന്നു. യുദ്ധ സാഹചര്യത്തിൽ വാർത്താ റിപ്പോർട്ടിംഗിലെ നിയന്ത്രണം മനസ്സിലാക്കാം. പക്ഷേ, പേനയും മൈക്കും ക്യാമറയും, തോക്കും മിസൈലും ബയണറ്റുമായി മാറുന്നതും ചാനൽ ഫ്ലോർ യുദ്ധഭൂമിയായി പരിണമിക്കുന്നതും  കോമഡി ഷോക്ക് വഴിയൊരുക്കി എന്നത് പറയാതെ വയ്യ!

മദീന സിയാറത്ത്
സഭാഷ് കുട്ടികളേ...!
ദൈവനിഷേധം മനുഷ്യപ്രകൃതിക്ക് വിരുദ്ധം


ഹജ്ജ്, ഉംറ എന്നിവയുടെ രൂപം
ലളിതമായി ചിത്ര സഹിതം
Zameel ആപ്പിൽ ലഭ്യമാണ്..!
ഉംറയുടെ രൂപം
zameel
the soulmate
Reading Time: 4 mins
ഉംറയുടെ രൂപം
THE KA'ABA
ഉംറയുടെ റുക്നുകൾ
ഇഹ്റാം
വാജിബുകൾ
zameel
the soulmate
Download Zameel
Available on the App Store
GET IT ON Google Play

# 434


# നേർപഥം
വാരിക

2025 മെയ് 17
1446 ദുൽഖഅദ് 19
പുസ്തകം 09 / ലക്കം 20




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**
Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**
Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




**10**
മുജീബ് ഒട്ടുമ്മൽ

അതിർത്തിയിൽ സംഘർഷം ഉടലെടുത്തപ്പോൾ തന്നെ മാധ്യമനുണയന്മാർ ചെരുപ്പ് ധരിച്ച് ലോകപര്യടനം തുടങ്ങിയിരുന്നു. യുദ്ധ സാഹചര്യത്തിൽ വാർത്താ റിപ്പോർട്ടിംഗിലെ നിയന്ത്രണം മനസ്സിലാക്കാം. പക്ഷേ, പേനയും മൈക്കും ക്യാമറയും, തോക്കും മിസൈലും ബയണറ്റുമായി മാറുന്നതും ചാനൽ ഫ്ലോർ യുദ്ധഭൂമിയായി പരിണമിക്കുന്നതും കോമഡി ഷോക്ക് വഴിയൊരുക്കി എന്നത് പറയാതെ വയ്യ!

**05** മുഖമൊഴി
സഭാഷ് കുട്ടികളേ...!

**06** ബാലപഥം
ശാമിലിന്റെ സങ്കടം
റാശിദ ബിൻത് ഉസ്മാൻ

**18** പഠനം
മദീന സിയാറത്ത്
ശമീർ മദീനി

**21** ലേഖനം
ആരാണ് ഭീകരവാദികൾ?
അബ്ദുല്ല അൻസാരി

**23** കർമപഥം
വസ്വിയ്യത്ത്
വിവ: അബ്ദുൽ ജബ്ബാർ മദീനി

**26** പഠനം
നബി(സ്വ)യുടെ നമസ്കാരം;
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

**29** ലേഖനം
ദൈവനിഷേധം മനുഷ്യപ്രകൃതിക്ക് വിരുദ്ധം
മുജീബ് റഹ്മാൻ സ്വലാഹി

**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുലുക്വ്മാൻ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
ദേശാടനം
തെസ്ന വീരാൻ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly





### അക്കാദമിക രംഗം ലോകോത്തര നിലവാരത്തിലേക്കുയർത്തണം: വിസ്ഡം കേരള സ്റ്റുഡന്റ്സ് കോൺഫറൻസ്

# ക്യാമ്പസുകളിൽ ധർമസമരത്തിന്റെ ആഹ്വാനവുമായി കേരള സ്റ്റുഡന്റ്സ് കോൺഫറൻസിന് പെരിന്തൽമണ്ണയിൽ ഉജ്ജ്വല സമാപനം

സംസ്ഥാനത്തെ അക്കാദമിക രംഗം ലോകോത്തര നിലവാരത്തിലേക്കുയർത്തണമെന്ന് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന സമിതി പെരിന്തൽമണ്ണയിൽ സംഘടിപ്പിച്ച കേരള സ്റ്റുഡന്റ്സ് കോൺഫറൻസ് ആവശ്യപ്പെട്ടു.വിദേശ രാജ്യങ്ങളിലേക്കുള്ള വിദ്യാർഥികളുടെ കുത്തൊഴുക്ക് ഇല്ലാതാക്കാൻ അതുവഴി സാധിക്കുമെന്ന് സമ്മേളനം ചൂണ്ടിക്കാട്ടി.

പാഠ പുസ്തകങ്ങളിൽ നിന്നും ഇന്ത്യയുടെ മധ്യകാല ചരിത്രം ഒഴിവാക്കുന്നത് ദേശവിരുദ്ധമാണെന്നും സമ്മേളനം അഭിപ്രായപ്പെട്ടു. കരിക്കുലത്തിൽ ധാർമിക വിദ്യാഭ്യാസത്തിന് പ്രോൽസാഹനം നൽകേണ്ടത് അനിവാര്യമാണെന്ന് വർത്തമാനകാല സംഭവ വികാസങ്ങൾ സൂചിപ്പിക്കുന്നു. വിദ്യാർഥികളിലെ അക്രമ സ്വഭാവങ്ങൾക്ക് അറുതിയാകണമെങ്കിൽ ക്യാമ്പസുകളിൽ ലഹരി വിരുദ്ധ സ്ക്വാഡുകൾ സ്ഥിരമാക്കണം. വിദ്യാർഥികളിൽ ആർദ്രതയും സഹാനുഭൂതിയും വളർത്തിയെടുക്കാൻ അധ്യാപകർ ശ്രദ്ധിക്കണം.

കരിക്കുലങ്ങളിൽ മാനുഷിക ബന്ധങ്ങൾക്ക് പ്രാധാന്യം നൽകുകയും മാനവവിരുദ്ധ ആശയങ്ങളെ പാഠപുസ്തകങ്ങളിൽ നിന്ന് ഒഴിവാക്കുകയും വേണം.ന്യൂനപക്ഷ വിദ്യാർഥികളുടെ സ്കോളർഷിപ്പുകളും വിദ്യാഭ്യാസ സഹായങ്ങളും വർധിപ്പിക്കാനുംസംവരണത്തിലെ പിഴവുകൾ പരിഹരിക്കാനും സർക്കാർ തയ്യാറാകണം. ക്യാമ്പസുകളിൽ ഗവേഷണാത്മക പരിസരം രൂപപ്പെടുത്തണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. വിദ്യാർഥി മഹാസമ്മേളനത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള പതിനായിരങ്ങൾ പങ്കെടുത്തു.

സൗദി അറേബ്യ എംബസി അറ്റാഷെ ശൈഖ് ബദർ നാസർ ബുജൈദി അൽഅനസി സമ്മേളനം ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്വീഫ് മദനി ആധ്യക്ഷ്യം വഹിച്ചു.

ഇ.ടി. മുഹമ്മദ് ബഷീർ എം.പി, നജീബ് കാന്തപുരം എം.എൽ.എ, മുൻ എം.എൽ.എ. വി.ടി. ബൽറാം, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ്, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി, ജനറൽ സെക്രട്ടറി ടി.കെ. നിഷാദ് സലഫി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് അർശദ് അൽഹികമി, ജനറൽ സെക്രട്ടറി ടി. മുഹമ്മദ് ശമീൽ, കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ, ഫൈസൽ മൗലവി പുതുപ്പറമ്പ്, ഹാരിസ് ബിൻ സലീം, ഡോ. സി.പി. അബ്ദുല്ല ബാസിൽ, ഡോ. ഷഹബാസ് കെ. അബ്ബാസ്, സഫ്വാൻ ബറാമി അൽഹികമി എന്നിവർ പ്രസംഗിച്ചു.

വൈജ്ഞാനിക സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ട്രഷറർ കെ. മുഹമ്മദ് ഷബീബ് ആധ്യക്ഷ്യം വഹിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ട്രഷറർ കെ. സജ്ജാദ്, നാസിർ ബാലുശ്ശേരി, അബ്ദുൽ മാലിക് സലഫി, സി.പി. സലീം, സുബൈർ പാണ്ടിക്കാട്, പി.ഒ. ഫസീഹ്, അസ്ഹർ ചാലിശ്ശേരി, നിയാസ് കൂരിയാടൻ, അഷ്റഫ് അൽഹികമി, മുഷ്താഖ് അൽഹികമി, അംജദ് മദനി, ഷാഫി അൽഹികമി, അബ്ദുറഹ്മാൻ ചുങ്കത്തറ എന്നിവർ പ്രഭാഷണം നടത്തി.

# സഭാഷ് കുട്ടികളേ...!

നാലു പതിറ്റാണ്ടു മുമ്പ് കോഴിക്കോട്ടുവച്ച് മുജാഹിദ് വിദ്യാർഥി ഘടകം നടത്തിയ സമ്മേളനത്തിന്റെ സമാപന സംസാരത്തിന്റെ തുടക്കത്തിൽ എ. പി അബ്ദുൽ ഖാദിർ മൗലവി സന്തോഷത്തോടെ വിളിച്ചു പറഞ്ഞു: 'സഭാഷ് കുട്ടികളേ... സഭാഷ്...!' വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംഘടിപ്പിച്ച കേരള സ്റ്റുഡന്റ്സ് കോൺഫറൻസിന് സാക്ഷിയായപ്പോൾ ഉറക്കെ വിളിച്ചു പറയാൻ തോന്നി; സഭാഷ് കുട്ടികളേ...സഭാഷ്!

2025 മെയ് 11, ഞായറാഴ്ച ആധുനിക കേരള വിദ്യാർഥി ചരിത്രത്തിലെ തിളക്കമാർന്ന ഒരു ദിനമായി രേഖപ്പെടുത്തപ്പെടുമെന്നതിൽ സംശയമില്ല. കേരളത്തിനകത്തും പുറത്തുമുള്ള ക്യാമ്പസുകളിൽ പഠിക്കുന്ന കൗമാരക്കാരും യുവാക്കളുമായ വിദ്യാർഥികൾ സമ്മേളന നഗരിയിലേക്ക് ഒഴുകിയെത്തുകയായിരുന്നു എന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല. അരമണിക്കൂർ പോലും അടങ്ങിയിരിക്കാൻ കഴിയാത്ത, ഉപദേശങ്ങളോടും നിർദേശങ്ങളോടും താൽപര്യമില്ലാത്ത, നിസ്സാര പ്രശ്നത്തിന്റെ പേരിൽ പോലും കൂക്കുവിളികളും കല്ലേറും നടത്താൻ തയ്യാറാകുന്ന ഈ പ്രസരിപ്പിന്റെ പ്രായത്തിലെ മക്കളെ എങ്ങനെ മണിക്കൂറുകളോളം അടക്കിയിരുത്താൻ കഴിയും എന്ന് സന്ദേഹിച്ചവരെ വിസ്മയിപ്പിക്കുംവിധം അവർ സമ്മേളനത്തിൽ അലിഞ്ഞുചേരുകയായിരുന്നു. സംഘാടകരുടെ കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് കടന്നുവന്ന പതിനായിരങ്ങൾ സമ്മേളന നഗരിയിൽ അക്ഷരാർഥത്തിൽ തിങ്ങിനിറഞ്ഞു. പെരിന്തൽമണ്ണ നഗരത്തിലെ വാഹന ഗതാഗതത്തെ സ്തംഭിപ്പിക്കാതെ, യാതൊരുവിധ അസ്വാരസ്യങ്ങളുമുണ്ടാക്കാതെ പതിനായിരക്കണക്കിന് വിദ്യാർഥികൾ സമ്മേളിച്ചത്, എല്ലാവരും ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്തത്...എല്ലാം പുതിയൊരു വിഭാതത്തിന്റെ നാന്ദികുറിക്കലായിരുന്നു.

കഠാരയും വടിവാളും ലഹരിവസ്തുക്കളുമല്ല, പേനയും പുസ്തകവുമാണ് കൈകളിലേന്തേണ്ടത് എന്നും, അപര വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും പകയുടെയും മനസ്സും വാക്കുമല്ല; സ്നേഹത്തിന്റെയും ആർദ്രതയുടെയും ചേർത്തുപിടിക്കലിന്റെയും മാനുഷിക മുഖമാണ് വിദ്യാർഥികൾക്കു വേണ്ടത് എന്നും, ദൈവനിഷേധത്തിന്റെയും മൂല്യനിരാസത്തിന്റെയും വരണ്ട ഭൂമികയിൽനിന്ന് ദൈവവിശ്വാസത്തിന്റെയും മൂല്യബോധത്തിന്റെയും ശാദ്വല ഭൂമിയിലേക്ക് പ്രവേശിച്ചാലേ മഹിതമായ ലക്ഷ്യമുള്ള മനുഷ്യരായി മാറുവാൻ കഴിയൂ എന്നും പ്രഖ്യാപിക്കാൻ തയ്യാറായ, അതിനുവേണ്ടി വിദ്യാർഥികൾക്കിടയിൽ അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ധാർമിക വിദ്യാർഥി പ്രസ്ഥാനത്തിന് പുതുതലമുറയെ നന്മയുടെ വാഹകരായി മാറ്റാൻ കഴിയുമെന്നും അവർ വിളിച്ചാൽ മനസ്സിൽ അൽപമെങ്കിലും നന്മയോട് ആഭിമുഖ്യമുള്ളവർ മുന്നോട്ടുവരുമെന്നും ഈ സമ്മേളനം തെളിയിക്കുന്നു.

എട്ടു മാസത്തിനിടയിൽ പ്രവർത്തകർ 'ധർമ സമരത്തിന്റെ വിദ്യാർഥികാലം' എന്ന പ്രമേയവുമായി ഒട്ടേറെ ക്യാമ്പസുകളിൽ കടന്നുചെന്ന് ലഹരിക്കും മറ്റു അധാർമിക പ്രവണതകൾക്കുമെതിരിൽ ബോധവൽക്കരണം നടത്തി. പൊതു ഇടങ്ങളിൽ ടേബിൾ ടോക്കുകൾ നടത്തി. ഓൺലൈനായും ഓഫ്‌ലൈനായും മറ്റു പല ആകർഷകമായ പരിപാടികളും നടത്തി. സമ്മേളന നഗരിയിൽ ഇന്നേവരെ കേരളം കണ്ടിട്ടില്ലാത്ത 'സൊല്യൂഷൻ' എന്ന പേരിൽ 5 ദിവസം നീണ്ടുനിന്ന, തിരിച്ചറിവിന്റെയും ചിന്തയുടെയും വാതായനങ്ങൾ തുറക്കുന്ന ദൃശ്യാവിഷ്‌കാരം നടത്തി. എല്ലാറ്റിന്റെയും സമാപനമായി മഹാ സമ്മേളനം നടന്നു. ഒരു ഭക്തനായ വിദ്യാർഥി, ഒരു നല്ല സന്താനം, ഒരു നല്ല പൗരൻ എങ്ങനെയായിരിക്കണമെന്ന് മനസ്സിലാക്കിയാണ് കുട്ടികൾ സമ്മേളന നഗരി വിട്ടത്. ■

റാശിദ ബിൻത് ഉസ്മാൻ

# ശാമിലിന്റെ സങ്കടം



"ങ്യാവൂ...ങ്യാവൂ..."

ഒരു പൂച്ചയുടെ നിർത്താതെയുള്ള കരച്ചിൽ കേട്ട് ഫഹദ് മുറ്റത്തേക്ക് ചെന്നു. അവിടെയൊന്നും പൂച്ചയെ കാണാനില്ല. അവൻ റോട്ടിലേക്കിറങ്ങി. ആ കാഴ്ച കണ്ട് ഫഹദ് ഞെട്ടിപ്പോയി. നാലു കാലുകളും കൂട്ടിക്കെട്ടിയ അവസ്ഥയിൽ ഒരു പൂച്ച റോഡരികിൽ കിടക്കുന്നു!

അല്ലാഹ്...ആരാണാവോ ഈ പാവം പൂച്ചയോട് ഈ ക്രൂരത ചെയ്തത്. അവൻ നാലുപാടും നോക്കി. ആരെയും കാണാനില്ല. അവൻ ഓടിച്ചെന്ന് അതിന്റെ കെട്ടുകളെല്ലാം അഴിച്ച് അതിനെ സ്വതന്ത്രനാക്കി. എന്നിട്ട് അതിനെ വീട്ടിലേക്ക് കൊണ്ടുപോയി. ഒരു പാത്രത്തിൽ കുറച്ചു പാലെടുത്ത് ആ പൂച്ചക്ക് കൊടുത്തു.

അത് ആർത്തിയോടെ പാൽ കുടിക്കുന്നത് ഫഹദ് നോക്കിനിന്നു. പാൽ കുടിച്ചു തീർന്നപ്പോൾ പൂച്ച പുറത്തേക്ക് ഓടിപ്പോയി.

എന്നാലും... ആരായിരിക്കും ഈ പാവത്തെ ഇങ്ങനെ ചെയ്തത്? ആരാണെങ്കിലും അവരുടെ മനസ്സ് ദുഷിച്ചതു തന്നെ! അവൻ ആലോചിച്ചു.

പിറ്റേദിവസം രാവിലെ ഉപ്പാന്റെ കൂടെ നടക്കാനിറങ്ങിയ ഫഹദ് വഴിയരികിൽ ദയനീയമായി കരയുന്ന ആ പൂച്ചയെ കണ്ടു. ഒരു മരത്തിൽ അതിനെ കെട്ടിയിട്ടിരിക്കുന്നു. അവന് വല്ലാത്ത സങ്കടവും ദേഷ്യവും വന്നു. അവൻ വേഗം ആ പൂച്ചയെ കെട്ടഴിച്ച് വിട്ടു. അവശനായ പൂച്ചയെയും കൊണ്ട് അവൻ ഉപ്പയുടെ കൂടെ വീട്ടിലേക്ക് നടന്നു. ഫഹദിന്റെ ഈ പ്രവർത്തനം കണ്ട ഉപ്പ അവനെ അഭിനന്ദിച്ചു.

ഈ സമയം അവന്റെ വീടിന്റെ മുറ്റത്ത് അനിയൻ ശാമിൽ നിൽപുണ്ടായിരുന്നു.

'ഇതിനെ എവിടെനിന്ന് കിട്ടി ഇക്കാക്കാ?' അവൻ ചോദിച്ചു.

ഫഹദ് സംഭവം ശാമിലിന് വിശദീകരിച്ചു കൊടുത്തു. 'ആരാണ് ഈ മിണ്ടാപ്രാണിയെ ഇങ്ങനെ ഉപദ്രവിക്കുന്നതാവോ. ആരു തന്നെയായാലും അല്ലാഹു എല്ലാം കാണുന്നുണ്ടല്ലോ. അവൻ ഇതിന് ഖേദിക്കുക തന്നെ ചെയ്യും' ഫഹദ് സങ്കടത്തോടെ പറഞ്ഞു.

'ഇങ്ങനെ മൃഗങ്ങളെ ഉപദ്രവിക്കുന്നവരെ അല്ലാഹു ശിക്ഷിക്കുമോ ഇക്കാക്കാ' ശാമിൽ അൽപം പേടിയോടെ ചോദിച്ചു.

'തീർച്ചയായും! ജീവജാലങ്ങളോട് കരുണ കാണിക്കണം എന്നാണ് നമ്മുടെ നബി(സ്വ) നമ്മെ പഠിപ്പിച്ചിട്ടുള്ളത്. പൂച്ചയെ കെട്ടിയിട്ട് ഭക്ഷണം കൊടുക്കാതെ കൊന്ന ഒരു സ്ത്രീ അക്കാരണത്താൽ നരകാവകാശിയായി മാറിയ കഥ നബി(സ്വ) പറഞ്ഞുതന്നിട്ടുണ്ട്. ദാഹിച്ചു വലഞ്ഞ ഒരു നായക്ക് വെള്ളം കൊടുത്തതുകൊണ്ട് ഒരാൾ സ്വർഗത്തിൽ പോയ കഥയും നബി(സ്വ) പറഞ്ഞുതന്നിട്ടുണ്ട്. ഒരു കാരണവുമില്ലാതെ ഒരു ജീവിയെയും ഉപദ്രവിച്ചുകൂടാ. എല്ലാത്തിനും നമ്മൾ കണക്ക് പറയേണ്ടി വരും. അല്ലാഹു വെറുതെ വിടില്ല'-ഫഹദ് പറഞ്ഞു നിർത്തി.

ഇത് കേട്ടതോടെ ശാമിലിന്റെ മുഖമാകെ മാറി.

'ഇക്കാക്കാ...ഞാൻ അറിയാതെ... ചെയ്തതാ. ഞാനും അഫ്സലും കളിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു രസത്തിന് ചെയ്തതാ''-ശാമിൽ കരച്ചിലിന്റെ വക്കത്തെത്തിയിരുന്നു.

'അതു ശരി! നീയാണോ ഇതു ചെയ്തത്? ഈ മിണ്ടാപ്രാണിയെ ഉപദ്രവിക്കുന്നതാണോ നിങ്ങളുടെ തമാശ? ഇത്തരത്തിൽ മിണ്ടാപ്രാണികളോട് ക്രൂരത ചെയ്തു ചെയ്താണ് വലിയ വലിയ കുറ്റകൃത്യങ്ങളിലേക്ക് എത്തിപ്പെടുന്നത്. ഹൃദയത്തിൽനിന്നും കരുണയും അനുകമ്പയും എടുത്തുമാറ്റ പ്പെട്ടാൽ പിന്നെ മനുഷ്യനെന്നോ മൃഗമെന്നോ വ്യത്യാസമുണ്ടാവില്ല. മറ്റുള്ളവരുടെ വേദന ഒരു ലഹരിയായി മാറും'ഫഹദ് രോഷത്തോടെ പറഞ്ഞു.

'ഇനി ഞാൻ അങ്ങനെയൊന്നും

ചെയ്യില്ല. എനിക്ക് തെറ്റ് പറ്റിപ്പോയി' ശാമിൽ സങ്കടത്തോടെ പറഞ്ഞു.

'സാരമില്ല, ഇനി ഇങ്ങനെയൊന്നും ആവർത്തിക്കരുത്. നാം തമാശയായി കാണുന്ന പലതും തമാശയല്ല എന്ന ബോധ്യം നമുക്ക് വേണം'-ഫഹദ് അനുജനെ സമാധാനിപ്പിച്ചു.

പ്രിയപ്പെട്ട കൂട്ടുകാരേ, നടന്നുപോകുന്ന വഴിയിൽ കാണുന്ന പട്ടിയെയും പൂച്ചയെയും ഓന്തിനെയു മൊക്കെ കല്ലെടുത്തെറിയലും തുമ്പികളെയും പൂമ്പാറ്റകളെയും മറ്റും പിടിച്ച് കൊല്ലലുമൊക്കെ പല കുട്ടികൾക്കും തമാശയാണ്. അവയും വേദനയുള്ള ജീവികളാണ്. പച്ചക്കരളുള്ള ഏതു ജീവിയോടും കാരുണ്യം കാണിച്ചാൽ പടച്ചവൻ പ്രതിഫലം നൽകുമെന്ന് നമ്മോടു പറഞ്ഞത് നമ്മുടെ നബി(സ്വ) യാണ്. കണ്ണിൽ കാണുന്ന ജീവികളെയൊക്കെ ഉപദ്രവിക്കുകയും അവ വേദനകൊണ്ട് പിടയുമ്പോൾ ചിരിക്കുകയും ചെയ്യുന്നവരുടെ മനസ്സ് കടുത്തുപോകും.

'ഭൂമിയിലുള്ളവരോട് നിങ്ങൾ കാരുണ്യം കാണിക്കുക; ആകാശത്തുള്ളവൻ നിങ്ങളോടും കാരുണ്യം കാണിക്കും' എന്ന നബിവചനം നിങ്ങൾ കേട്ടിട്ടില്ലേ? അതുകൊണ്ട് എല്ലാവരും കരുണയുള്ളവരായി ജീവിക്കുക. ■



## ലഹരിക്കെതിരെ വിപുലമായ കർമപദ്ധതികളുമായി

# വിസ്ഡം സ്റ്റുഡന്റ്സ്

പെരിന്തൽമണ്ണ: ലഹരി ഉൽപന്നങ്ങളുടെ വിപണനവും ഉപയോഗവും വിദ്യാർഥികൾക്കിടയിൽ നിന്നും ക്യാമ്പസുകളിൽനിന്നും നിർമാർജനം ചെയ്യുന്നതിനായി വൈവിധ്യമാർന്ന കർമ പദ്ധതികൾക്ക് വിസ്ഡം സ്റ്റുഡന്റ്സ് തുടക്കം കുറിച്ചു.

കേരള സ്റ്റുഡന്റ്സ് കോൺഫറൻസിലെ ലഹരിക്കെതിരെയുള്ള വിദ്യാർഥിചത്വരം സെഷനിൽ, സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നുമായി ഒഴുകിയെത്തിയ പതിനായിരക്കണക്കിന് വിദ്യാർഥികൾ പ്ലക്കാർഡുമേന്തി ഒരുമിച്ച് പ്രതിജ്ഞയെടുത്തത് വേറിട്ട കാഴ്ചയായി. ക്യാമ്പസുകളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാവുമെന്നും വിദ്യാർഥികൾ പ്രഖ്യാപിച്ചു.

വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ജനറൽ സെക്രട്ടറി ടി. മുഹമ്മദ് ഷമീൽ, ഡോ. ഷഹബാസ് കെ അബ്ബാസ് എന്നിവർ നേതൃത്വം നൽകി.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ധർമസമര സംഗമങ്ങൾ, ക്യാമ്പസ് കോൺഫറൻസുകൾ, ടേബിൾ ടോക്കുകൾ, ലഘുലേഖ വിതരണം, ഡോക്യുമെന്ററി പ്രദർശനം, സൊല്യൂഷൻ വൈജ്ഞാനിക പ്രദർശനം എന്നിവ സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.





# നേരിനോപ്പം ചേർന്നു നിൽക്കുക

*(സൗദി അറേബ്യ എംബസി അറ്റാഷെ ശൈഖ് ബദർ നാസർ ബുജൈദി അൽഅ നസിയുടെ സംസാരത്തിന്റെ സംക്ഷിപ്തം)*

പെരിന്തൽമണ്ണ: വിസ്ഡം സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച കേരള വിദ്യാർഥി സമ്മേളനം ഏറെ കാലിക പ്രാധാന്യമുള്ളതാണെന്നും അതിന് കാരണം ഇതിന്റെ മുഖ്യലക്ഷ്യം



നേരിനൊപ്പം ചേർന്ന് നിൽക്കുന്ന, ദൈവ ഭക്തിയുള്ള വിദ്യാർഥി തലമുറയെ വാർത്തെടുക്കലാണെന്നും സൗദി അറേബ്യ എംബസി അറ്റാഷെ ശൈഖ് ബദർ നാസർ ബുജൈദി അൽ അനസി പ്രസ്താവിച്ചു.

ഇസ്‌ലാമിന്റെ സമാധാന സന്ദേശം പ്രചരിപ്പിക്കാനും തീവ്രവാദ ചിന്തകളെ ഇല്ലാതാക്കാനും മനുഷ്യത്വത്തിന്റെയും സംസ്കാരത്തിന്റെയും മാർഗത്തിൽ പുതുതലമുറയെ നയിക്കാനുമുള്ള, ഈ വിദ്യാർഥി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കാതിരിക്കാനാവില്ല.

നന്മയോട് പുറം തിരിഞ്ഞ് നിൽക്കാനും അധർമങ്ങളിലൂടെ മുന്നോട്ട് പോകാനുമുള്ള ത്വര വിദ്യാർഥി, യുവജന സമൂഹങ്ങളിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ബോധവൽക്കരണം നടത്താൻ എല്ലാവരും മുന്നിട്ടിറങ്ങാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




മുജീബ് ഒട്ടുമ്മൽ
: 97444 31890

# യുദ്ധകാലത്തെ ‘വിശുദ്ധ നുണകൾ’

ഞങ്ങളുടെ നിർദേശങ്ങൾ സ്വീകരിച്ചില്ലെങ്കിൽ ഭൂമിയിൽ ഇന്നേ വരെ കണ്ടിട്ടില്ലാത്ത നാശത്തിന്റെ പെരുമഴ കാണാൻ തയ്യാറായിക്കോളൂ’-1945 ഓഗസ്റ്റ് 6ന് ഹിരോഷിമയിലും ആഗസ്റ്റ് 9ന് നാഗസാക്കിയിലും ബോംബുകൾ വർഷിക്കുമ്പോൾ, ഫ്രാങ്ക്ലിൻ റൂസ് വെൽറ്റിന്റെ മരണത്തെ തുടർന്ന് അമേരിക്കയുടെ പരമാധികാരത്തിൽ കയറിയിട്ട് കേവലം മൂന്നുമാസം മാത്രം പ്രായമായ അന്നത്തെ അമേരിക്കൻ പ്രസിഡണ്ട് ഹാരി ട്രൂമാൻ മുഴക്കിയ ഭീഷണിയാണിത്. കേവലം ജപ്പാൻ ജനതയോടു മാത്രമായിരുന്നില്ല, മറിച്ച് അമേരിക്കയെ എതിർക്കുന്ന ലോകജനതയോട് തന്നെയായിരുന്നുവെന്ന് ലോകചരിത്രം വ്യക്തമാക്കുന്നുണ്ട്.

പെഹൽഗാമിലെ ഭീകരാക്രമണത്തിന് ശേഷം ഉണ്ടായ ഇന്ത്യ-പാക്ക് സംഘർഷത്തിൽ വെടി നിർത്താൻ തീരുമാനമായെന്ന് ഇന്നത്തെ അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിക്കുമ്പോൾ ലോക പോലീസെന്ന ആഖ്യാനത്തെ അന്വർഥമാക്കാൻ ശ്രമിക്കു

> **അതിർത്തിയിൽ സംഘർഷം ഉടലെടുത്തപ്പോൾ തന്നെ മാധ്യമനുണയന്മാർ ചെരുപ്പ് ധരിച്ച് ലോക പര്യടനം തുടങ്ങിയിരുന്നു. യുദ്ധ സാഹചര്യത്തിൽ വാർത്താ റിപ്പോർട്ടിംഗിലെ നിയന്ത്രണം മനസ്സിലാക്കാം. പക്ഷേ, പേനയും മൈക്കും ക്യാമറയും, തോക്കും മിസൈലും ബയണറ്റുമായി മാറുന്നതും ചാനൽ ഫ്ലോർ യുദ്ധഭൂമിയായി പരിണമിക്കുന്നതും കോമഡി ഷോക്ക് വഴിയൊരുക്കി എന്നത് പറയാതെ വയ്യ!**

കയാണ് എന്നതിൽ സംശയമില്ല. വെടിനിർത്തൽ പ്രഖ്യാപനത്തിന് പിന്നിൽ മൂന്നാം കക്ഷിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് കേന്ദ്രസർക്കാർ ഉറപ്പിച്ചു പറയുന്നുണ്ട്. എന്നാൽ ഇന്ത്യയിലെയും പാക്കിസ്ഥാനിലെയും നേതാക്കളുമായി ബന്ധപ്പെട്ടിരുന്നുവെന്ന് യുഎസ് സെക്രട്ടറി മാർക്ക് റൂബിയോ എക്സിൽ കുറിക്കുകയുണ്ടായി. രാജ്യത്തിന് നേരിട്ട വെല്ലുവിളിക്കെതിരെ എല്ലാവരും ഒറ്റക്കെട്ടാണെന്ന് പ്രതിപക്ഷ പാർട്ടികളും പൊതുജനങ്ങളും പ്രഖ്യാപിച്ച സാഹചര്യത്തിൽ അവരെ സംശയത്തിന്റെ മുനമ്പിലേക്ക് തള്ളിയിട്ടിരിക്കയാണ് കേന്ദ്ര സർക്കാർ. ഭീകരരെ മുൻനിറുത്തി പാക്കിസ്ഥാൻ നടത്തുന്ന അക്രമങ്ങൾക്ക് ശക്തമായ തിരിച്ചടി നൽകാൻ നമ്മുടെ സൈന്യത്തിന് സാധിച്ചുവെന്നത് ഏറെ അഭിമാനമാണ്. ലോകത്തിന് മുന്നിൽ തലയുയർത്തി നിന്ന നമ്മുടെ സൈനിക ശക്തിയിൽ നിഴൽ വീഴ്ത്തിയാണ് വെടി നിറുത്തൽ വിഷയത്തിൽ അമേരിക്കയുടെ ഇടപെടൽ ഉണ്ടായിരിക്കുന്നത്. വ്യാജവർത്തമാനങ്ങളുടെ ലോകത്ത് നമ്മുടെ സൈന്യത്തിൽനിന്ന് തന്നെ യാഥാർഥ്യമറിയാൻ കാതോർത്തിരുന്ന ജനങ്ങളുടെ പ്രതീക്ഷയെ തകർത്താണ് മൂന്നാം കക്ഷിയുടെ പ്രഖ്യാപനം ഉണ്ടായത്. പെഹൽഗാം ഭീകരാക്രമണം, ഓപ്പറേഷൻ സിന്ദൂർ, ട്രംപിന്റ വെടിനിറുത്തൽ പ്രഖ്യാപനം തുടങ്ങിയവയെ കുറിച്ചുള്ള സത്യം അറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്.

ഒമ്പത് ഭീകരതാവളങ്ങൾ തകർക്കാൻ സാധിച്ചുവെന്നത് അഭിമാനമാണ്. അതോടൊപ്പം ഇന്ത്യയുടെ വ്യത്യസ്ത സംസ്ഥാനങ്ങളിൽനിന്ന് വിനോദ യാത്രക്കായി പെഹൽഗാമിലെത്തിലെ 26 നിരപരാധികളെ ക്രൂരമായി കൊലപ്പെടുത്തിയ ഭീകരരെ കുറിച്ചുള്ള യാതൊരു വിവരവും പൊതുജനങ്ങളോട് പങ്കു വെക്കാതെ പോകുന്നതിലും സംശയമുണ്ട്. ഭീകരരുടെ രേഖാചിത്രങ്ങളും അവരുടെ സഞ്ചാരപഥങ്ങളും അവർ ഉരുവിട്ട വാക്കുകളുമടക്കം ഗോഡിമീഡിയകൾ കളറുകൾ നൽകി വിശദീകരിച്ചിട്ടും ഭീകരർക്ക് എന്ത് സംഭവിച്ചുവെന്ന് പറയാൻ ഭരണകൂടം തയ്യാറാവാത്തതിലും ദുരൂഹതയേറെയുണ്ട്.

ഓപ്പറേഷൻ സിന്ദൂറിലൂടെ പാക്കിസ്ഥാനിലെ ഭീകരരുടെ ചില താവളങ്ങൾ തകർക്കാൻ സാധിച്ച, നമ്മുടെ സൈന്യത്തെ നാണം കെടുത്തുന്ന വിധമാണ് ഭീകരരെ ഇപ്പോഴും പിടിക്കാൻ സാധിച്ചില്ലെന്ന പ്രചാരണം. ഭീകരരെ വളഞ്ഞെന്നും ജീവനോടെ പിടികൂടാൻ കേന്ദ്ര സർക്കാറിൻെറ നിർദേശമുണ്ടെന്നുമുള്ള റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. എന്നാൽ ഭീകരർ എവിടെ എന്ന ചോദ്യത്തിന് ഇപ്പോൾ ഉത്തരമില്ല. പാക്ക് അധീന കാശ്മീരിലേക്ക് ഇവർ രക്ഷപ്പെട്ടുവെന്ന വാർത്ത ശരിയാണെങ്കിൽ എങ്ങനെയാണ് ഇവർ രക്ഷപ്പെട്ടതെന്ന ചോദ്യം പ്രസക്തവുമാണ്. അവരെ പിടിച്ച് ചോദ്യം ചെയ്താൽ ഭീകരതയുടെ അടിവേരറുക്കാൻ കഴിയുമെന്നിരിക്കെ അതിന് നാം അശക്തരാകുന്നതെന്തുകൊണ്ടെന്ന ചോദ്യവും പ്രസക്തമാണ്. വിനോദസഞ്ചാര മേഖലയായ പെഹൽഗാമിലുണ്ടായ സുരക്ഷാവീഴ്ച എങ്ങനെ സംഭവിച്ചു?

ഏപ്രിൽ 16ന് വിവാഹം കഴിഞ്ഞ് ഹണിമൂൺ ആഘോഷിക്കാനെത്തിയ നാവിക സേനാ ഉദ്യോഗസ്ഥനായ ലെഫ്റ്റനൻ്റ് വിനയ് നർവാളിന്റെ പങ്കാളി ഹിമാൻഷിയെ വിധവയാക്കിയ, കർണാടകയിലെ ശിവമോഗയിൽ നിന്ന് അവധിക്കാലം ആഘോഷിക്കാനെത്തിയ മഞ്ചുനാഥിനെ പങ്കാളിയായ പല്ലവിയുടെയും അവരുടെ കുഞ്ഞിന്റെയും മുന്നിൽ വെച്ച് കൊലപ്പെടുത്തിയ, ടൂറിസ്റ്റുകളെ രക്ഷിക്കാൻ

ഭീകരാക്രമണം നടക്കുന്നതിന് മൂന്നു ദിവസം മുമ്പുതന്നെ വിജിലൻസ് ആ വിവരം അധികാരികളെ അറിയിച്ചിട്ടുണ്ടെന്ന, ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റ് ഖാർഗെയുടെ ആരോപണവും അതീവ ഗൗരവമുള്ളതാണ്. കേന്ദ്ര സർക്കാറിന്റെ നിസ്സംഗതയോ കഴിവുകേടോ ആണ് കാരണമെങ്കിൽ അധികാരത്തിൽ തുടരാനുള്ള അർഹതയെന്താണ്? ഇങ്ങനെ കുറെ ചോദ്യങ്ങൾ ജനങ്ങളുടെ മനസ്സുകളിൽ തങ്ങിനിൽക്കുന്നുവെങ്കിൽ അതിന് മറുപടി പറയാനും സംശയ ദുരീകരണത്തിനും അധികാരികൾ തയാറാകണം.

ധീരതയോടെ പൊരുതി വീണ പെഹൽഗാമിലെ സയ്യിദ് ആദിൽ ഹുസൈൻ ഷായെ ക്രൂരമായി കൊലപ്പെടുത്തിയ, മലയാളികളുടെ പ്രിയപ്പെട്ട എൻ പ്രേമചന്ദ്രനെ മക്കളുടെ മുന്നിൽവെച്ച് കൊന്നുതള്ളിയ, മറ്റു 23 പേരെയും കൊലപ്പെടു ത്തിയ ഭീകരൻമാർ എങ്ങനെ രക്ഷപ്പെട്ടുവെന്ന് അറിയാനും അവർക്കെതിരെ ശക്തമായ ശിക്ഷാ നടപടി സ്വീകരിക്കുന്നത് കാണാനും ഇന്ത്യൻ ജനതക്ക് അവകാശമുണ്ട്.

ഭീകരാക്രമണം നടക്കുന്നതിന് മൂന്നു ദിവസം മുമ്പുതന്നെ വിജിലൻസ് ആ വിവരം അധികാരികളെ അറിയിച്ചിട്ടുണ്ടെന്ന, ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റ് ഖാർഗെയുടെ ആരോപണവും അതീവ ഗൗരവമുള്ളതാണ്. കേന്ദ്ര സർക്കാറിന്റെ നിസ്സംഗതയോ കഴിവുകേടോ ആണ് കാരണമെങ്കിൽ അധികാരത്തിൽ തുടരാനുള്ള അർഹതയെന്താണ്? ഇങ്ങനെ കുറെ ചോദ്യങ്ങൾ ജനങ്ങളുടെ മനസ്സുകളിൽ തങ്ങിനിൽക്കുന്നുവെങ്കിൽ അതിന് മറുപടി പറയാനും സംശയ ദുരീകരണത്തിനും അധികാരികൾ തയാറാകണം.

**'വിശുദ്ധനുണ'യുടെ മാലപ്പടക്കം**

പെഹൽഗാം ഭീകരാക്രമണത്തിന് ശേഷമുള്ള ഇന്ത്യാ-പാക്ക് സംഘർഷങ്ങളോടനുബന്ധിച്ച് നടത്തിയ മീഡിയാ പ്രചാരണങ്ങൾ ജോസഫ് ഗീബൽസിനെ പോലും നാണിപ്പിക്കുന്നതായിരുന്നു. രണ്ട് മുട്ടനാടുകൾ പരസ്പരം ഏറ്റുമുട്ടുമ്പോൾ ഉറ്റിവീഴുന്ന രക്തത്തുള്ളികൾക്ക് വേണ്ടി നാവു നീട്ടിയ ചെന്നായയെ പോലെ മാധ്യമങ്ങൾ റേറ്റ് കൂട്ടാൻ നുണകൾ പ്രചരിപ്പിക്കുകയായിരുന്നു. അതിർത്തികളിൽ പോരാടുന്ന ഇന്ത്യൻ ജവാൻമാരുടെ ജീവനു വിലകൽപിക്കാത്ത വിധം, അവരുടെ കുടുംബങ്ങളുടെ കണ്ണുനീരിനെയും നെടുവീർപ്പിനെയും അവഗണിക്കും വിധം കേവലം ചില ഗെയ്മുകളുടെ ആരവത്തോടെ തകർത്താടിയ ചില അവതാരകർ സമൂഹത്തിന് നൽകിയ സന്ദേശമെന്തായിരുന്നു? യുദ്ധത്തിന് പുറപ്പെടുന്ന അച്ഛനെ യാത്രയാക്കുന്ന പിഞ്ചോമനകളുടെ മുഖവും അവരുടെ പ്രിയതമമാരുടെ നൊമ്പരങ്ങളും ശീതികരിച്ച റൂമിൽ അഭിരമിക്കുന്ന ഇത്തരം രക്തദാഹികൾക്ക് എങ്ങനെ പരിഗണിക്കാനാകും? അതുകൊണ്ട് ഇവർക്ക് റീച്ച് കൂടുമെന്നതിലപ്പുറം രാജ്യത്തിനും സമൂഹത്തിനും സുരക്ഷയ്ക്കും നൽകിയ സംഭാവനയെന്തെന്ന് വിശദീകരിക്കാൻ ഇവർ തയ്യാറാകേണ്ടതുണ്ട്.

ഗോഡിമീഡിയകളും സംഘപരിവാരങ്ങളുമാണ് ഈ അവസരങ്ങളെ മുതലെടുപ്പിന്റെ രാഷ്ട്രീയത്തിന് വേണ്ടി ആഘോഷമാക്കുന്നത്. പ്രചാരണത്തിനായി നുണകൾ പടച്ചുവിടുകയാണ് അവർ ചെയ്തത്.

2024 ഒക്ടോബറിൽ ഇറാൻ ഇസ്റായേലിലേക്ക് നടത്തിയ വ്യോമാക്രമണങ്ങളുടെ ദൃശ്യങ്ങളാണ് ഓപ്പറേഷൻ സിന്ദൂറിന്റെ പേരിൽ പ്രചരിപ്പിക്കപ്പെട്ടത്. പാക്കിസ്ഥാനിലെ ഭീകരവാദ കേന്ദ്രങ്ങൾ ഇന്ത്യൻ സൈന്യം തകർക്കുന്നുവെന്നാണ് ഈ വ്യാജദൃശ്യം പ്രചരിപ്പിച്ചുകൊണ്ട് ഇവർ വ്യക്തമാക്കിയത്. കേരളത്തിലെ ബിജെപി നേതാക്കളും സമൂഹ മാധ്യമങ്ങളിൽ പങ്കുവെച്ചിട്ടുണ്ട്. പിന്നീട് ഇന്ത്യൻ സൈന്യം തന്നെ യഥാർഥ വിവരങ്ങൾ പുറത്ത് വിടുകയായിരുന്നു.

ഇന്ത്യയുടെ 7 വിമാനങ്ങൾ പാക് സൈന്യം വെടിവെച്ച് വീഴ്ത്തിയെന്നു പറഞ്ഞ് വീഡിയോ പ്രചരിപ്പിച്ചത് ക്രിസംഘിയായ യൂട്യൂബർ മാത്യു സാമുവലായിരുന്നു. ദി ഹിന്ദു പത്രവും അതിനെ ഉദ്ധരിച്ച് റോയിട്ടേഴ്സും ചൈനീസ് മാധ്യമങ്ങളും ഈ വ്യാജ

വാർത്ത പ്രചരിപ്പിക്കുകയുണ്ടായി. ദി ഹിന്ദു പിന്നീടത് പിൻവലിച്ചു. മാത്യു സാമുവലിന്റ യുട്യൂബ് ചാനൽ കേന്ദ്ര സർക്കാർ ബാൻ ചെയ്തു.

ഇന്ത്യൻ സൈന്യം കറാച്ചി തുറമുഖം ആക്രമിച്ചുവെന്ന് മാതൃഭൂമി ന്യൂസും മറ്റു പലരും വ്യാജവാർത്ത നൽകിയിരുന്നു. ഫിലഡൽഫിയയിലെ ഒരു വിമാനാപകടത്തിന്റെ ദൃശ്യങ്ങളാണ് ഇതിനൊപ്പം നൽകിയിരുന്നത്. എന്നാൽ ഇതുവരെ കറാച്ചി ആക്രമിച്ചിട്ടില്ലായെന്ന് ഇന്ത്യൻ സൈന്യം ഔദ്യോഗികമായി വെളിപ്പെടുത്തിയിട്ടുണ്ട്. വ്യാജവാർത്ത മാതൃഭൂമി പിന്നീട് തിരുത്തി.

പാക്ക് മിസൈലുകളെ ഇന്ത്യ നിർവീര്യമാക്കുന്നതിന്റെ ദൃശ്യങ്ങൾ എന്ന മട്ടിൽ '24 ന്യൂസ്' വ്യാജ വിഡിയോ പ്രചരിപ്പിച്ചിരുന്നു. ഇസ്രയേലിന്റെ അയേൺ ഡോം വ്യോമാക്രമണങ്ങളെ പ്രതിരോധിക്കുന്ന തിന്റെ ദൃശ്യങ്ങളാണ് ഇങ്ങനെ വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നത്.

ഇന്ത്യയിലെ എല്ലാ എയർപോർട്ടുകളും അടച്ചിരിക്കുന്നു എന്ന് വ്യാജ വാർത്ത നൽകി റിപ്പോർട്ടർ ടിവിയും ബിനീഷ് കോടിയേരിയുമൊക്കെ ജനങ്ങളെ പരിഭ്രാന്തരാക്കി. എന്നാൽ എയർപോർട്ടുകളിലെ സുരക്ഷ വർധിപ്പിക്കുകയും ടെർമിനലുകൾക്കകത്ത് സന്ദർശകരെ നിയന്ത്രിക്കുകയുമാണ് യഥാർഥത്തിൽ ഉണ്ടായിട്ടുള്ളത്.

അമൃതസർ മിലിറ്ററി ബേസ് ബോംബിട്ട് തകർത്തു എന്ന് പാക്ക് മാധ്യമങ്ങൾ വ്യാജ പ്രചരണം നടത്തുന്നുണ്ട്. എന്നാൽ 2024ലെ ഒരു കാട്ടുതീയുടെ ദൃശ്യങ്ങളാണ് ഈ നുണപ്രചരണത്തിനായി ഉപയോഗിക്കപ്പെടുന്നത്.



ജമ്മു എയർബേസ് ബോംബിട്ട് തകർത്തു എന്ന നിലയിലും പാകിസ്ഥാൻ വ്യാജ പ്രചരണം നടത്തുന്നുണ്ട്. എന്നാൽ ഇതിന്റെതന്നെ നിലയിൽ നൽകുന്ന ദൃശ്യങ്ങൾ കാബൂൾ എയർപോർട്ടിൽ മുമ്പുണ്ടായ ഒരു അപകടത്തിന്റെതാണ് എന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ വ്യക്തമാക്കിയിട്ടുണ്ട്.

ഗുജറാത്തിലെ ഹസീറ തുറമുഖം പാക്കിസ്ഥാൻ തകർത്തു എന്ന പേരിലും വ്യാജ വിഡിയോ പ്രചരിക്കുന്നുണ്ട്. എന്നാൽ ഈ വിഡിയോ യഥാർഥത്തിൽ 2021ലെ ഒരു ഓയിൽ ടാങ്കർ സ്ഫോടനത്തിന്റെതാണ്.

'പാക്ക് സൈനിക മേധാവി കസ്റ്റഡിയിൽ എന്ന് റിപ്പോർട്ട്' എന്ന് റിപ്പോർട്ടർ ടിവി റിപ്പോർട്ട് ചെയ്തു. മലയാളി പൊതുബോധത്തെ പോലും കൊള്ളയടിച്ച് മുതലെടുപ്പിനുള്ള ശ്രമങ്ങളാണ് ഇത്തരം മാധ്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. തെരഞ്ഞെടുപ്പും കായിക മൽസരങ്ങളുമെല്ലാം റിപ്പോർട്ട് ചെയ്തു കൊണ്ടിരിക്കുന്ന പ്രതീതിയിൽ അതിർത്തിയിലെ പോരാട്ടങ്ങൾക്കും നിറം പകരുകയാണ്.

## യുദ്ധക്കെടുതിയിൽ പൊരിയുന്ന ജനത

'ബുദ്ധിശൂന്യരായ ആളുകൾ യുദ്ധത്തിനായി മുറവിളികൂട്ടും. പക്ഷേ, അതൊരിക്കലും സൈന്യത്തെയോ രാജ്യത്തെയോ പ്രചോദിപ്പിക്കില്ല. യുദ്ധം ബോളിവുഡ് സിനിമയല്ല'- മുൻ കരസേനാ മേധാവി മനോജ് നരവാനെയുടെ വാക്കുകളാണിത്.

യുദ്ധത്തിന്റെ കെടുതിയനുഭവിക്കുന്നവരിൽനിന്ന് ഉയർന്നുപൊങ്ങുന്ന രോദനങ്ങളും കണ്ണു

കേരളത്തിലെ സിപിഎം നേതാവ് എം സ്വരാജിന്റ യുദ്ധത്തി നെതിരെയുള്ള പ്രസ്താവന വളരെ ചിന്തനീയമാണ്: 'യുദ്ധം ക്ഷാമവും ദാരിദ്ര്യവും അരക്ഷിതാവസ്ഥയുമാണ്. കണ്ണീരും ചോരയും നിലയ്ക്കാത്ത വിലാപങ്ങളുമാണ്. അനാഥരും അഭയാർഥികളും പലായനങ്ങളും ശ്മശാനങ്ങ ളുമാണ് യുദ്ധത്തിന്റ ശേഷിപ്പുകൾ. ഭീകരതയ്ക്കും ഭീകരത സൃഷ്ടിക്കുന്ന യുദ്ധത്തിനുമെതിരെ മനുഷ്യ സ്നേഹത്തിലധി ഷ്ഠിതമായ മുന്നേറ്റങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. ഭീകരതയി ല്ലാത്ത സമാധാനത്തിന്റെ പുലരികൾ പിറക്കട്ടെ.' മനോഹരമായ, മാനവികതയുടെ ഈ ശബ്ദത്തിനെതിരെ സമൂ ഹമാധ്യമങ്ങളിൽ സംഘികൾ തകർത്താടുകയായിരുന്നു. അദ്ദേഹത്തിന്റെ രാജ്യസ്നേഹവും കൂറും ചോദ്യം ചെയ്യപ്പെട്ടു.

നീരും നിശ്വാസങ്ങളും ജീവിതം അസഹ്യമാക്കുമെന്ന തിരിച്ചറിവുള്ളവർ ഒരിക്കലും യുദ്ധത്തെ പ്രോൽസാഹിപ്പിക്കില്ല. കേരളത്തിലെ സിപിഎം നേതാവ് എം സ്വരാജിന്റ യുദ്ധത്തിനെതിരെയുള്ള പ്രസ്താവന വളരെ ചിന്തനീയമാണ്:

'യുദ്ധം ക്ഷാമവും ദാരിദ്ര്യവും അരക്ഷിതാവസ്ഥയുമാണ്. കണ്ണീരും ചോരയും നിലയ്ക്കാത്ത വിലാപങ്ങളുമാണ്. അനാഥരും അഭയാർഥികളും പലായനങ്ങളും ശ്മശാനങ്ങളുമാണ് യുദ്ധത്തിന്റ ശേഷിപ്പുകൾ. ഭീകരതയ്ക്കും ഭീകരത സൃഷ്ടിക്കുന്ന യുദ്ധത്തിനുമെതിരെ മനുഷ്യ സ്നേഹത്തിലധിഷ്ഠിതമായ മുന്നേറ്റങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. ഭീകരതയില്ലാത്ത സമാധാനത്തിന്റെ പുലരികൾ പിറക്കട്ടെ.'

മനോഹരമായ, മാനവികതയുടെ ഈ ശബ്ദത്തിനെതിരെ സമൂഹമാധ്യമങ്ങളിൽ സംഘികൾ തകർത്താടുകയായിരുന്നു. അദ്ദേഹത്തിന്റെ രാജ്യസ്നേഹവും കൂറും ചോദ്യം ചെയ്യപ്പെട്ടു. പരമത വിദ്വേഷവും വെറുപ്പും ദർശനമായി സ്വീകരിച്ച സംഘ് രാഷ്ട്രീയത്തിന്റെ സൈബർ ആക്രമണത്തിന് വിധേയമാകാൻ ഈ കുറിപ്പുകൾ കാരണമായിട്ടുണ്ടെങ്കിൽ യഥാർഥ രാജ്യദ്രോഹികളാരെന്ന് വളരെ വ്യക്തവുമാണ്.

യഥാർഥത്തിൽ യുദ്ധത്തിന്റെ കെടുതി താങ്ങാവുന്നതിലുമപ്പുറമാണെന്ന് ചരിത്രം പറഞ്ഞ് തരുന്നുണ്ട്. ഒന്നാം ലോകയുദ്ധം രണ്ടു കോടി ജനങ്ങളെ കൊലപ്പെടുത്തി. രണ്ടാം യുദ്ധത്തിൽ എണ്ണം അതിന്റെ ഇരട്ടിയായിരുന്നു. കൊറിയൻ യുദ്ധത്തിലെ മരണസംഖ്യ 30 ലക്ഷം. വീയറ്റ്നാം യുദ്ധത്തിൽ കൊല്ലപ്പെട്ടതാകട്ടെ 25 ലക്ഷം ജനങ്ങൾ. ഇറാക്ക്-അഫ്ഗാൻ യുദ്ധം തകർത്തെറിഞ്ഞത് 10 ലക്ഷത്തോളം ആളുകളെ.

യുദ്ധത്തിന്റെ കെടുതികൾ പരിസ്ഥിതിയിലുണ്ടാക്കുന്ന ദുരന്തങ്ങൾ മനസ്സിലാക്കുവാൻ ഹിരോഷിമ-നാഗസാക്കി ബോംബിംഗ് അനുഭവങ്ങൾ പരിശോധിച്ചാൽ മതിയാകും. Little Boy, Fat Man എന്നീ രണ്ട് ആണവ ബോംബുകൾ 1945 ആഗസ്റ്റ് 6,9 തീയതികളിൽ ജപ്പാൻ നഗരങ്ങളിൽ പതിച്ചപ്പോൾ ആദ്യ ദിവസങ്ങളിൽ മരിച്ചത് 2 ലക്ഷത്തിധികം ആളുകളായിരുന്നു. ബോംബുകളുടെ ശക്തി (U235) 15000 ടണ്ണും (Pu-239) 21000 ടണ്ണും. ഹിരോഷിമയിൽ 25000 അടി ഉയരത്തിൽ എത്തിയ പൊടിപടലങ്ങൾ സൂര്യനെ മറച്ചു. ദശകങ്ങളോളം ആണവ വികിരണം തുടർന്നതിനാൽ വിവിധ തരത്തിലുള്ള രോഗങ്ങൾ ശക്തമായി. തകർന്നടിഞ്ഞ നഗരത്തിന്റെ ചിത്രം വാക്കുകൾ കൊണ്ട് വിവരിക്കുവാൻ കഴിയില്ല. ഹിരോഷിമയുടെ ഓട്ട നദിയും ആണവ വികിരണങ്ങൾകൊണ്ട് നിറഞ്ഞു. ഇന്നു ലോകത്തിലെ വിവിധ രാജ്യങ്ങൾ സൂക്ഷിച്ചു വെച്ചിരിക്കുന്ന ആണവ ആയുധങ്ങളുടെ ശക്തിയാൽ ഭൂമിയെ 500 തവണ ചുട്ടു കരിക്കുവാൻ കഴിയും. റഷ്യയുടെ സാർ എന്ന പേരിലുള്ള ആറ്റം ബോംബിന്റെ ശക്തി ജപ്പാനിൽ ഉപയോഗിച്ചതിന്റെ 3330 ഇരട്ടിയാണ്. (50 മെട്രിക്ക് ton= 50 ലക്ഷം ടൺ). മറ്റൊരു ആണവയുദ്ധം ഉണ്ടായാൽ ഭൂമുഖത്ത് എന്തായിരിക്കും അവശേഷിക്കുക എന്നത് വിവരണാതീതമാണ്.

രണ്ടാം ലോക യുദ്ധകാലത്ത് ഒട്ടുമിക്ക ഭൂഖണ്ഡങ്ങളിലും നടത്തിയ ബോംബ് വർഷങ്ങൾ, അതുണ്ടാക്കിയ മലിനീകരണങ്ങൾ, പട്ടാള കൂട്ടങ്ങളുടെ ക്യാമ്പ് സ്ഥാപിക്കൽ, അധികമായി യുദ്ധ മുഖത്ത് കത്തിച്ചുകളഞ്ഞ ഇന്ധനം ഇവയൊന്നും തന്നെ പ്ര

കൃതിക്ക് ആശാവഹമായിരുന്നില്ല.

രണ്ടാം ലോകയുദ്ധത്തിൽ ഉപയോഗിച്ച സ്ഫോടന വസ്തുക്കൾ 2 കോടി ടണ്ണിലധികമാണ്. കൊറിയൻ യുദ്ധത്തിൽ 33 ലക്ഷം ടണ്ണും വിയറ്റ്നാമിൽ അതിൽ എത്രയോ അധികവും പ്രയോഗിച്ചു. വിയറ്റ്നാം ആകാശത്തുനിന്നും 2 കോടി ബോംബുകളും 23 കോടി ആർട്ടിലറി ഷെല്ലുകളും 10 ഗ്രനേഡുകളും അമേരിക്ക വിക്ഷേപിച്ചു. Agent orange എന്ന 2-4-5 T+2-4 D മിശ്രിതം 35 ലക്ഷം ഏക്കർ കാടുകളെ കരിച്ചു.

ഒന്നാം ലോകയുദ്ധത്തിൽ നിരവധി രാസവസ്തുക്കൾ ഉപയോഗിച്ചു. ക്ലോറിൻ, ഫോസ്ജീൻ, ക്ലോറോ മീതയിൽ ക്ലോറോ ഫോർമേറ്റ്, ക്ലോറോ പൈറിസിൻ, മസ്റ്റാഡു ഗ്യാസ് എന്നിവ ഒരുലക്ഷം ആളുകളുടെ മരണത്തിനും 13 ലക്ഷം ആളുകൾക്ക് മുറിവേൽക്കുവാനും ഇടയുണ്ടാക്കി.

രണ്ടാം ലോകയുദ്ധകാലത്ത് ആണവായുധങ്ങൾ ഉപയോഗിക്കുവാൻ ലോക രാജ്യങ്ങൾ മടിച്ചപ്പോഴും ആണവ പരീക്ഷണങ്ങൾ വിവിധ സ്ഥലങ്ങളുടെ ഘടനകളെ മാറ്റിമറിച്ചു എന്ന് ആണവ നിയന്ത്രണ സമിതി വിശദമാക്കുന്നു. അമേരിക്കയിലെ ന്യൂ മെക്സിക്കോ, മാർഷൽ ദ്വീപ്, ബിക്കിൻ അറ്റോൾ, മ്യൂറോമ അറ്റോൾ, നോവയ്യ സേമലിയ തുടങ്ങിയവ ആണവ പരീക്ഷണത്താൽ നിരവധി വ്യതിയാനങ്ങൾ ഉണ്ടായ ഇടങ്ങളാണ്. യുദ്ധത്തിൽ ഉപയോഗിക്കുന്ന സ്ട്രോൺഷിയം90 ശരീരത്തിൽ കടന്ന് എല്ലിനെയും മറ്റും തകർക്കുന്നു. ലോകത്ത് ഏറ്റവുമധികം ക്യാൻസർ രോഗികൾ ജീവിക്കുന്നത് ഇന്നത്തെ ഇറാക്കിലാണ്. അവിടെ അമേരിക്ക നടത്തിയ യുറേനിയം മാലിന്യം(Depleted Uranium) നിറച്ച ബോംബുകളുടെ വർഷം നാട്ടുകാരെ രോഗികളാക്കി.



യുദ്ധ സന്നാഹങ്ങൾക്കായി Yellow നദിയിൽ കൃത്രിമ വെള്ളപ്പൊക്കം ഉണ്ടാക്കിയിരുന്നു. (ചൈന-ജപ്പാൻ യുദ്ധത്തിൽ) ലബനോനെ ഇസ്രായേൽ ആക്രമിച്ചപ്പോൾ ഉണ്ടായ എണ്ണ ചോർച്ചയും കത്തിക്കലും കുവൈറ്റ്-ഇറാക്ക് യുദ്ധത്തിലും കണ്ടതാണ്. ഇറാൻ-ഇറാക്ക് യുദ്ധത്തിലും എണ്ണക്കിണറുകൾ കത്തിയമർന്നു.

ഇൻഡോ-പാക്ക് യുദ്ധങ്ങളും ചൈന-ഇന്ത്യ യുദ്ധങ്ങളും ഹിമാലയൻ മലനിരകളിൽ വലിയ ആഘാതങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പട്ടാളത്തിനായി റോഡുകൾ, ബാരിക്കേഡുകൾ, യുദ്ധ പരിശീലനങ്ങൾ, വെടിയൊച്ചകൾ, രാസ, വെടി മരുന്നുകളുടെ സാന്നിധ്യം അങ്ങനെ നീണ്ടു പോകുന്ന പ്രശ്നങ്ങൾക്കൊപ്പം മരങ്ങൾ വെട്ടുന്നതും ഹിമാലയൻ കാടുകളെ പ്രതിസന്ധിയിലാക്കി. ഹിമാലയത്തിൽനിന്നും ഉത്ഭവിക്കുന്ന നദികളും പോഷക നദികളും ഏറ്റുവാങ്ങുന്ന തിരിച്ചടികളിൽ സുരക്ഷാ ഏറ്റുമുട്ടലുകൾക്കും അനുബന്ധ സംഭവങ്ങൾക്കും പങ്കുണ്ട്. ഹിമാലയത്തിൽ മാത്രം കണ്ടുവരുന്ന ജീവി വർഗങ്ങൾക്ക് യുദ്ധവും അനുബന്ധ കാര്യങ്ങളും ഭീഷണിയാണ്.

പാക്കിസ്ഥാനിൽ നിന്നുള്ള തീവ്രവാദികളുടെ നുഴഞ്ഞുകയറ്റവും പ്രതിരോധ തയ്യാറെടുപ്പുകളും ഭീകര വാദികളുടെ പരിശീലനവും പ്രതിരോധത്തിനായുള്ള പട്ടാളത്തിന്റെ ചെറുത്തുനിൽപ്പുകളും മലനിരകളുടെ സംതുലിതത്തെ പ്രതികൂലമായി ബാധിക്കും. യുദ്ധം മനുഷ്യകുലത്തിന് മാത്രമല്ല, എല്ലാ ജീവ ജാലങ്ങൾക്കും നദികൾക്കും മറ്റു നീരുറവ

> ഒരു നാട് പുരോഗമനത്തിന്റെ പാതയിലൂടെ കുതിക്കുമ്പോൾ അരക്ഷിതാവസ്ഥയുണ്ടാക്കി നാടിന്റെ സാമ്പത്തിക-നയതന്ത്ര അടിസ്ഥാനങ്ങളെ തകർക്കുക എന്ന ലക്ഷ്യമാണ് ഈ ഭീകരാക്രമണത്തിനു പുറകിലെന്നതും നാം മറക്കരുത്. തീവ്രദേശീയതയിൽ ന്യൂനപക്ഷങ്ങൾക്കും ഇതര മതവിശ്വാസികൾക്കും അപരത്വം കൽപിച്ച് നൽകുന്നവർ ഭീകരവാദത്തെ തലോടുകയാണ്. രാജ്യത്തെ ഒറ്റിക്കൊടുത്തും അതീവ രഹസ്യങ്ങളെ ചോർത്തിയും ദേശദ്രോഹം ചെയ്തവർ പിടിക്കപ്പെട്ടപ്പോൾ, അധികവും തീവ്രദേശീയ ഹിന്ദുത്വരായിരുന്നുവെന്ന് സമകാലിക സംഭവങ്ങൾ വിളിച്ചോതുന്നു. അതിനാൽ അക്രമികളാരായാലും അവർ മാനവവിരുദ്ധരും ദേശദ്രോഹികളുമാണ്. അതിന് മതങ്ങളുടെ പരിവേഷം ചേരുകയില്ല.

കൾക്കും കാടിനും ദുരന്തം മാത്രമെ വരുത്തി വെക്കുന്നുള്ളൂ. ഹിമാലയനിരകളിൽ ഡാമുകൾ, റോഡുകൾ എന്നിവയുടെ നിർമാണം അമിതമായി വർധിക്കുന്നതിൽ അതിർത്തി തർക്കങ്ങൾ പ്രധാന പങ്കുവഹിച്ചു വരുന്നു.

രാജ്യസുരക്ഷയുടെ മാർഗം യുദ്ധമല്ല, എല്ലാതരം ഭീകരവാദികളെയും ഒറ്റപ്പെടുത്തുവാൻ സമൂഹത്തെ തയ്യാറാക്കുക. അധികാരിവർഗങ്ങളുടെ യുദ്ധക്കൊതി ജനം തിരിച്ചറിയുക. രാജ്യാന്തര തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുക തുടങ്ങിയ തീരുമാനങ്ങളിലേക്ക് ലോകം എത്തിച്ചേരേണ്ടതുണ്ട്. യുദ്ധങ്ങൾക്ക് പരാജിതരുടെ കഥകളേ ലോകത്തോട് പറയുവാനുള്ളൂ.

**അപരനെ തേടുന്ന ദേശീയത**

സയ്യിദ് ആദിൽ ഹുസൈൻ ഷാ; പെഹൽഗാമിലെ പോണിവാല (കുതിര സവാരിക്കാരൻ). പ്രായം ചെന്ന ഉമ്മയുടെയും വാപ്പയുടെയും ഭാര്യയുടെയും കുഞ്ഞിന്റെയും ഏക ആശ്രയം. പതിവുപോലെ പെഹൽഗാമിൽനിന്നും സഞ്ചാരിയെയും കയറ്റി ബൈസാരൻ പുൽമേട്ടിലെത്തിയതാണ്. പൈൻ മരക്കൂട്ടങ്ങൾക്കിടയിൽനിന്നും പാഞ്ഞുവന്ന ഭീകരർ പേര് ചോദിച്ച് വെറുതേ വിട്ടപ്പോൾ ഓടി മറഞ്ഞില്ല ആദിൽ. താൻ കൊണ്ടുവന്ന സഞ്ചാരിക്കെതിരെ അവർ തിരിഞ്ഞപ്പോഴാണ് ആദിൽ അവരിലൊരാളുടെ റൈഫിൾ തട്ടിത്തെറിപ്പിച്ചത്. ഏറെ ദുർഘടമായ പെഹൽഗാം-ബൈസരൻ കാട്ടുപാത നടന്നു കയറിയിറങ്ങി ഉറച്ച ആദിൽ അയാളെ നിഷ്പ്രയാസം കീഴടക്കി എന്നു തോന്നിയ നിമിഷമാണ് മറ്റൊരു തോക്കിൻകുഴലിലെ വെടിയുണ്ട ആദിലിന്റെ ഹൃദയം തുളച്ചു പോയത്. ആദിലിന്റെ ആരായിരുന്നു അവൻ ജീവൻ നൽകി രക്ഷിക്കാൻ ശ്രമിച്ച ആ സഞ്ചാരി? നിശ്ചയമായും ആദിൽ അയാളുടെ പേരോ മതമോ തിരക്കിയിട്ടുണ്ടാവില്ലെന്നുറപ്പ്. 'ഭായി സാബ്' എന്നല്ലാതെ യാത്രയിലൊന്നും വിളിച്ചിട്ടുണ്ടാവില്ല. സയ്യിദ് ആദിൽ ഹുസൈൻ ഷാ ഒരു മുസ്‌ലിമായിരുന്നു. അയാൾക്കെതിരെ ഉന്നം പിടിച്ചയാൽ ഒരു ഭീകരവാദിയും.

കൊല്ലപ്പെട്ട ശിവമോഗ സ്വദേശി മഞ്ജുനാഥ റാവുവിന്റെ ഭാര്യ പല്ലവി പറഞ്ഞു: 'എന്റെ കൺമുന്നിൽ വെച്ചാണ് തീവ്രവാദികൾ എന്റെ ഭർത്താവിനെ വെടിവെച്ചുകൊന്നത്. ആ സമയത്ത് സൈനികരാരും അവിടെ ഉണ്ടായിരുന്നില്ല. വെടിയൊച്ച കേട്ട് മൂന്ന് കാശ്മീരി പുരുഷന്മാർ ഓടിയെത്തി. ബിസ്മില്ലാഹ്, ബിസ്മില്ലാഹ് എന്ന് വിളിച്ചുകൊണ്ട് എന്നെയും മകനെയും രക്ഷിച്ചു. അവർ എന്റെ സഹോദരന്മാരെപ്പോലെയാണ്.'

മതം ചോദിച്ച് കൊന്നുകൊണ്ടിരുന്ന ഭീകരരുടെ വാക്കുകളിൽ മതം തെരഞ്ഞ് ഒരു സമുദായത്തെ ക്രൂശിക്കാൻ പഴുതുകൾ തേടിയ സംഘ് രാഷ്ട്രീയത്തിന് ഇടിത്തീയാണ് മേൽപറഞ്ഞ നാല് മുസ്‌ലിം സഹോദരങ്ങൾ. മോഡീമീഡിയകളുടെ കള്ളപ്രചാരണം സമുദായത്തെ ലക്ഷ്യമാക്കിയപ്പോൾ മനുഷ്യത്വത്തിന്റെ പ്രോജ്വലത വിളിച്ചോതിയ നാല് പേരുടെ സമീപനം എല്ലാ കുതന്ത്രങ്ങളെയും നിഷ്പ്രഭമാക്കുകയായിരുന്നു. ഭീകരാക്രമണത്തിന് പിന്നിലെ മതം തെരയുന്നതിന് പകരം അവരുടെ ലക്ഷ്യത്തെ തിരിച്ചറിയുകയാണ് വേണ്ടത്. ഏകദേശം 13 ദശലക്ഷം ആളുകൾ ജീവിക്കുന്ന നാടാണ് ജമ്മു ആൻഡ് കാശ്മീർ. അതിൽ ഏതാണ്ട് 7 ദശലക്ഷം ആളുകൾ കാശ്മീരിലും 6 ദശലക്ഷം ആളുകൾ ജമ്മുവിലും താമസിക്കുന്നു. 68%നു മുകളിൽ ഇസ്‌ലാം മത വിശ്വാസികളും 28%നു മുകളിൽ ഹിന്ദുമത വിശ്വാസികളും അവശേഷിക്കുന്നവർ

ഇതര മതസ്ഥരുമാണവിടുത്തെ ജനത. വർഷങ്ങളായി ഭീകരവാദത്തിന്റെ നിഴലിൽ ജീവിക്കുന്നവരും അതിന്റെ അനന്തരഫലങ്ങളുടെ ബലിയാടുകളുമാണവർ. 2024ലെ കണക്കനുസരിച്ച് ഏകദേശം 2.35 കോടി ടൂറിസ്റ്റുകളാണ് ജമ്മു കാശ്മീർ സന്ദർശിച്ചത്. ചെനാബ് നദിക്ക് കുറുകെ നിർമിച്ചിരിക്കുന്ന പാലം ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പാലങ്ങളിൽ ഒന്നായി ഇടം പിടിക്കുവാൻ പോകുന്നു. കത്ര-ശ്രീനഗർ വന്ദേഭാരത് വിനോദസഞ്ചാരികൾക്കും പൊതുജങ്ങൾക്കും ഉടൻ സഞ്ചാരയോഗ്യമാകും. ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട്, മെഡിക്കൽ സയൻസിന്റെ സർവസജ്ജമായ ആരോഗ്യകേന്ദ്രത്തിന്റെ പണി പുരോഗമിക്കുന്നു. അങ്ങനെ ഒരു നാട് പുരോഗമനത്തിന്റെ പാതയിലൂടെ കുതിക്കുമ്പോൾ അരക്ഷിതാവസ്ഥയുണ്ടാക്കി നാടിന്റെ സാമ്പത്തിക-നയതന്ത്ര അടിസ്ഥാനങ്ങളെ തകർക്കുക എന്ന ലക്ഷ്യമാണ് ഈ ഭീകരാക്രമണത്തിനു പുറകിലെന്നതും നാം മറക്കരുത്.

തീവ്രദേശീയതയിൽ ന്യൂനപക്ഷങ്ങൾക്കും ഇതര മതവിശ്വാസികൾക്കും അപരത്വം കൽപിച്ച് നൽകുന്നവർ ഭീകരവാദത്തെ തലോടുകയാണ്. രാജ്യത്തെ ഒറ്റിക്കൊടുത്തും അതീവ രഹസ്യങ്ങളെ ചോർത്തിയും ദേശദ്രോഹം ചെയ്തവർ പിടിക്കപ്പെട്ടപ്പോൾ, അധികവും തീവ്രദേശീയ ഹിന്ദുത്വരായിരുന്നുവെന്ന് സമകാലിക സംഭവങ്ങൾ വിളിച്ചോതുന്നു. അതിനാൽ അക്രമികളാരായാലും അവർ മാനവവിരുദ്ധരും ദേശദ്രോഹികളുമാണ്. അതിന് മതങ്ങളുടെ പരിവേഷം ചേരുകയില്ല. ■

# വികസനപ്രവർത്തനങ്ങൾ ദരിദ്രരെ സൃഷ്ടിക്കുന്നതാകരുത്

**അബൂഫായിദ**

ദാരിദ്ര്യനിർമാർജനം പ്രത്യേക അജണ്ടയായിത്തന്നെ സ്വീകരിച്ച വികസിത രാജ്യങ്ങളിലെ ഭരണകൂടങ്ങളും ധനികരും വികസനത്തിന്റെ പേരിൽ ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുന്ന നിലപാടാണ് കാലങ്ങളായി സ്വീകരിച്ചുവരുന്നത്. പുനരധിവാസ സൗകര്യമോ നീതിയുക്തമായ നഷ്ടപരിഹാരമോ നൽകാതെ ഒരുപ്രദേശത്തെ ജനങ്ങളെ മുഴുവൻ കുടിയൊഴിപ്പിച്ച് വൻകിട വ്യവസായശാലകകൾ തുടങ്ങുക, അനിയന്ത്രിതമായി ജലം ഊറ്റിയടുത്ത് ജനങ്ങൾക്ക് ജലദൗർലഭ്യതയുണ്ടാക്കുന്ന ഫാക്ടറികൾ സ്ഥാപിക്കുക, ആദിവാസികളെ ആട്ടിപ്പായിച്ച് ടൂറിസ്റ്റ് റിസോർട്ടുകൾ പണിയുക തുടങ്ങിയവ ഉദാഹരണം.

സമ്പന്ന രാജ്യങ്ങളും സമ്പന്നരും വിവേകത്തോടെയും കാര്യബോധത്തോടെയും സമ്പത്ത് ചെലവഴിക്കുകയാണെങ്കിൽ ദാരിദ്യത്തിന് ഒരുപരിധിവരെ ശമനമുണ്ടാകുമായിരുന്നു; പട്ടിണിമരണങ്ങളുടെ തോത് കുറച്ചുകൊണ്ടുവരാമായിരുന്നു. സമ്പത്ത് ധനികർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെട്ടുകൂടാ എന്ന ഇസ്‌ലാമിന്റെ മാനവികനിലപാട് ഇവിടെയാണ് പ്രസക്തമാകുന്നത്.

“അല്ലാഹു അവന്റെ റസൂലിന് വിവിധ രാജ്യക്കാരിൽനിന്ന് കൈവരുത്തി കൊടുത്തതെന്തോ അത് അല്ലാഹുവിനും റസൂലിനും അടുത്ത കുടുംബങ്ങൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കർക്കുമുള്ളതാകുന്നു. അത് (ധനം) നിങ്ങളിൽനിന്നുള്ള ധനികൻമാർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന ഒന്നാവാതിരിക്കാൻ വേണ്ടിയാണത്...” (ക്വുർആൻ 59:7).

ദരിദ്രരുടെ അവകാശത്തെക്കുറിച്ച് ഇബ്നുഹസം പറഞ്ഞു: “ഓരോ നാട്ടിലെയും സമ്പന്നർ അവിടത്തെ ദരിദ്രരെ സംരക്ഷിക്കേണ്ടതാണ്. മുസ്‌ലിംകളുടെ ദാവനവും മറ്റു വിഭവങ്ങളും തികയാതെ വന്നാൽ അതിൽ കൂടുതൽ നൽകാൻ ഭരണകൂടം അവരെ നിർബന്ധിക്കേണ്ടതാണ്. ഭക്ഷണവും ഉഷ്ണ ശൈത്യകാല വസ്ത്രങ്ങളും മഴ, തണുപ്പ്, യാത്രക്കാരുടെ ഉപദ്രവം എന്നിവയിൽ നിന്ന് സംരക്ഷണം നൽകുന്ന വീടുമാണ് ദരിദ്രരുടെ അവകാശം” (അൽമുഹല്ല 2/1566). ■

ശമീർ മദീനി
: 9048 221 212



# മദീന സിയാറത്ത്

ഹജ്ജിന്റെയോ ഉംറയുടെയോ ഭാഗമല്ലെങ്കിലും മതപരമായി പുണ്യമാഗ്രഹിച്ചുകൊണ്ട് തീർഥാടനം ചെയ്യാൻ അനുവാദമുള്ള മൂന്ന് സ്ഥലങ്ങളിൽ ഒന്നാണ് മദീനയിലെ മസ്ജിദുന്നബവി. നബി(സ്വ) പറഞ്ഞു: "മൂന്ന് പള്ളികളിലേക്കല്ലാതെ പുണ്യമാഗ്രഹിച്ചുകൊണ്ടുള്ള തീർഥയാത്ര പാടുള്ളതല്ല. ഒന്ന്, മക്കയിലെ മസ്ജിദുൽ ഹറാം. രണ്ട്, മദീനയിലെ എന്റെ പള്ളി. മൂന്ന്, മസ്ജിദുൽ അക്സ്വ" (ബുഖാരി, മുസ്‌ലിം).

ലോകത്തുള്ള എത്രയോ വിശ്വാസികളുടെ ആഗ്രഹവും പ്രാർഥനയുമാണ് ഈ പുണ്യ സ്ഥലങ്ങളിൽ ഒന്ന് എത്തിപ്പെടുകയെന്നത്. അവിടെ നമുക്ക് എത്താൻ കഴിഞ്ഞുവെങ്കിൽ അത് വലിയ ഭാഗ്യവും പടച്ചവന്റെ അനുഗ്രഹവുമാണ്. അതിനാൽ അവിടെ എത്തിയവർ അതിന് നന്ദി കാണിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. എങ്ങനെയാണ് നന്ദി ചെയ്യേണ്ടത്? ഒന്നാമതായി, അവിടങ്ങളിൽ പാലിക്കേണ്ട മതപരമായ നിയമങ്ങളും മര്യാദകളും പഠിച്ചറിഞ്ഞ് അത് പാലിക്കുക എന്നതാണ്.

1. വൃത്തിയും ശുദ്ധിയും പാലിക്കുക: അല്ലാഹുവിന്റെ ഭവനങ്ങളായ പള്ളികളിൽ നാം ശുദ്ധിയോടും വൃത്തിയോടും കൂടിയാണ് ഇടപഴകേണ്ടത്. മറ്റുള്ളവർക്ക് അരോചകമാകുന്ന വിധത്തിൽ ദുർഗന്ധങ്ങളോ അപശബ്ദങ്ങളോ മറ്റോ നമ്മിൽനിന്ന് ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
2. പള്ളിയിൽ പ്രവേശിക്കുമ്പോൾ ആദ്യം വലതുകാൽ വെച്ച് പ്രത്യേകമായി പഠിപ്പിക്കപ്പെട്ട പ്രാർഥന ചൊല്ലി പ്രവേശിക്കുക. 'ബിസ്മില്ലാഹ്, വസ്സ്വലാത്തു വസ്സലാമു അലാ റസൂലില്ലാഹ്, അല്ലാഹുമ്മഫ്തഹ്‌ലീ അബ്‌വാബ റഹ്മത്തിക്' എന്നതാണ് ആ പ്രാർതന.
3. പള്ളിയിൽ പ്രവേശിച്ചാൽ തഹിയ്യത്ത് നമസ്കാരം നിർവഹിക്കുക.

മദീന പള്ളിയിലെ പ്രത്യേകം മഹത്ത്വമുള്ള സ്ഥലമാണ് പ്രവാചക ഭവനത്തി

ന്റെയും മിമ്പറിന്റെയും ഇടയിലുള്ള റൗദ ശരീഫ്. അവിടെവെച്ച് നമസ്‌കരിക്കാൻ സാധിച്ചാൽ നല്ലതുതന്നെ. എന്നാൽ തിക്കും തിരക്കുമുണ്ടാക്കി മറ്റുള്ളവരെ ബുദ്ധിമുട്ടിച്ച് റൗദയിൽ നമസ്‌കരിക്കാനായി കഷ്ടപ്പെടേണ്ടതില്ല; അത് പുണ്യമല്ല. പള്ളിയുടെ എവിടെവെച്ച് നമസ്‌കരിച്ചാലും ഒന്നിന് ആയിരം ഇരട്ടി പ്രതിഫലമുണ്ട് എന്ന കാര്യം മറക്കാതിരിക്കുക.

**നബി(സ്വ)യുടെ ക്വബ്ർ സന്ദർശിക്കൽ**

മദീന പള്ളിയിലെത്തിയ ഒരാൾ നബി(സ്വ)യുടെ ക്വബ്ർ സന്ദർശിക്കുകയും സലാം പറയുകയും ചെയ്യൽ പുണ്യമുള്ള കാര്യമാണ്. അവിടെവെച്ച് ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുവാനോ തിരക്ക് കൂട്ടുവാനോ പാടുള്ളതല്ല. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങളുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിന് മീതെ ഉയർത്തരുത്. അദ്ദേഹത്തോട് സംസാരിക്കുമ്പോൾ നിങ്ങൾ അന്യോന്യം ഒച്ചയിടുന്നതുപോലെ ഒച്ചയിടുകയും ചെയ്യരുത്. നിങ്ങളറിയാതെ തന്നെ നിങ്ങളുടെ കർമങ്ങൾ നിഷ്ഫലമായി പോകാതിരിക്കാൻ വേണ്ടി. തീർച്ചയായും തങ്ങളുടെ ശബ്ദങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ അടുത്ത് താഴ്ത്തുന്നവരാരോ അവരുടെ ഹൃദയങ്ങളാകുന്നു അല്ലാഹു ധർമനിഷ്ഠയ്ക്കായി പരീക്ഷിച്ചെടുത്തിട്ടുള്ളത്. അവർക്കാകുന്നു പാപമോചനവും മഹത്തായ പ്രതിഫലവുമുള്ളത്"(49:2,3).

ഇത് ജീവിതകാലത്തും മരണശേഷവും ശ്രദ്ധിക്കേണ്ടതാണെന്ന് ഹാഫിദ് ഇബ്നു കസീർ(റഹി) അടക്കമുള്ള പണ്ഡിതന്മാർ ഉണർത്തിയിട്ടുണ്ട്.

നബി(സ്വ)യോട് പ്രാർഥിക്കുവാനോ സങ്കടപ്പെട്ട് ആവശ്യങ്ങൾ പറയുവാനോ ഒന്നും പാടില്ല. നമ്മുടെ സകലമാന പ്രാർഥനകളും ഏത് ഘട്ടത്തിലും അല്ലാഹുവിനോട് മാത്രമെ പാടുള്ളൂ എന്നാണ് നബി(സ്വ) പഠിപ്പിച്ചിട്ടുള്ളത്. ക്വബ്റിന്റെ ചുറ്റും കെട്ടിയിട്ടുള്ള മതിലുകളോ ഗ്രില്ലുകളോ മുത്തുന്നതും തടവുന്നതും മതപരമായി പുണ്യമുള്ള സംഗതിയല്ല. മറിച്ച് സച്ചരിതരായ മുൻഗാമികൾ വിലക്കിയിട്ടുള്ള തെറ്റായ പ്രവണതകളാണ് എന്ന കാര്യം നാം പ്രത്യേകം ഓർക്കുക.

നമുക്കവിടെ ചെയ്യുവാനുള്ളത് താഴെ പറയുന്ന കാര്യങ്ങൾ മാത്രമാണ്:

ഒന്ന്, 'അസ്സലാമു അലൈക്കയാ റസൂലല്ലാഹ്, വറഹ്മതുല്ലാഹി വബറകാതുഹു' എന്ന് നബി(സ്വ)ക്ക് സലാം പറയൽ.

ശേഷം അൽപം വലത്തേക്ക് നീങ്ങി അബൂബക്കർ സ്വിദ്ദീഖ്(റ)ന് സലാം പറയുക. 'അസ്സലാമു അലൈക്ക യാ അബാബക്കർ സ്വിദ്ദീഖ് വറഹ്മതുല്ലാഹി വബറകാതുഹു' എന്നാണ് പറയേണ്ടത്. ശേഷം അൽപംകൂടി വലതുഭാഗത്തേക്ക് നീങ്ങി ഉമർ(റ)വിന് സലാം പറയണം. 'അസ്സലാമു അലൈക്ക യാ ഉമർ അൽഫാറൂഖ്, വ റഹ്മതുല്ലാഹി വ ബറകാതുഹു' എന്നാണ് പറയേണ്ടത്.

എന്തെങ്കിലും ദുആ ചെയ്യാൻ ഉണ്ടെങ്കിൽ ക്വിബ്‌ലക്ക് നേരെ തിരിഞ്ഞ് പള്ളിയുടെ എവിടെ വെച്ചും നമുക്ക് നിർവഹിക്കാം. തിരക്കില്ലാത്ത സ്വസ്ഥമായ ഇടം തെരഞ്ഞെടുത്ത് ഏകാഗ്രമായി മനസ്സാന്നിധ്യത്തോടെ ദുആകൾ അധികരിപ്പിക്കാൻ ശ്രദ്ധിക്കുക. ക്വബ്റിന്റെ അടുക്കൽ വെച്ച് പ്രത്യേകമായി ദുആ ചെയ്യുന്നതിന് മാതൃകയില്ല. അല്ലാഹുവല്ലാത്ത ഒരാളോടും നാം പ്രാർഥിച്ചുകൂടാ.

അല്ലാഹു പറയുന്നു: "പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർഥിക്കരുത്" (72:18).

"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (2:186).

സ്വഹാബിമാർക്ക് പലതരത്തിലുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടി വന്ന നിരവധി സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പോഴൊന്നും അവരാരും പ്രവാചകന്റെ ക്വബ്റിങ്ങൽ ചെന്ന് അദ്ദേഹത്തോട് സങ്കടം പറയുകയോ പ്രാർഥിക്കുകയോ ചെയ്ത സ്വഹീഹായ ഒറ്റ റിപ്പോർട്ടും നമുക്ക് കാണുവാൻ സാധിക്കില്ല; ഏതു വിപൽഘട്ടത്തിനും അല്ലാഹുവോട് മാത്രമാണ് അവർ പ്രാർഥിച്ചത്.

മദീനയിൽ തങ്ങുന്ന ദിവസങ്ങളത്രയും പരമാവധി മസ്ജിദുന്നബവിയിൽ തന്നെ നമസ്‌കരിക്കുവാൻ എത്തുവാനും അവിടെത്തന്നെ പരമാവധി സമയം ചെലവഴിക്കുവാനും പ്രത്യേകം മനസ്സു വെക്കണം. 40 വക്ക്ത് നമസ്‌കാരം മദീനയിലെ മസ്ജിദുന്നബവിയിൽ വെച്ച്

നിർവഹിച്ചാൽ നരകത്തിൽ നിന്നും ഖബ്ർ ശിക്ഷയിൽനിന്നും മോചനം ലഭിക്കും എന്ന് ചിലർ പ്രചരിപ്പിച്ചുവരുന്നുണ്ട്. അങ്ങനെയൊരു റിപ്പോർട്ട് ഉണ്ട് എന്നതു ശരിയാണ്. എന്നാൽ അത് അങ്ങേയറ്റം ദുർബലമായതാണെന്നും തെളിവിന് കൊള്ളാത്തതാണെന്നും പണ്ഡിതന്മാർ ഉണർത്തിയിട്ടുണ്ട്. എന്നാൽ 40 ദിവസം തക്ബീറത്തുൽ ഇഹ്റാമോടുകൂടി ഇമാമിന്റെ കൂടെ ജമാഅത്തായി നമസ്കരിക്കാൻ സാധിച്ചാൽ അയാൾ നരകത്തിൽ നിന്നും കാപട്യത്തിൽനിന്നും മുക്തനാണ് എന്നുള്ള പ്രബലമായ റിപ്പോർട്ട് കാണുവാൻ സാധിക്കും. അത് മദീനയിലെ പള്ളിയിൽ മാത്രമല്ല ഏതു പള്ളിയിലും -നാട്ടിൽ വെച്ചും- നാം ശ്രദ്ധിക്കേണ്ട കാര്യമാണ്.

തൊട്ടുമുത്താനും ത്വവാഫ് ചെയ്യാനും മതപരമായി നിർദേശിക്കപ്പെട്ടിട്ടുള്ളത് കഅ്ബയെ മാത്രമാണ്. മദീനയിൽ അങ്ങനെ പ്രത്യേകമായ ഒരു സ്ഥലവും ഇല്ല.

'അൽ മസാജിദുസ്സബ്അ' എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലം സന്ദർശിക്കൽ മതപരമായി പുണ്യമുള്ളതല്ല. എന്നാൽ ഖൻദഖ് യുദ്ധത്തിന്റെ സ്മരണകളുള്ള ചരിത്രസ്ഥലം എന്ന നിലയിൽ സന്ദർശിക്കാവുന്നതാണ്. നബി(സ്വ)യുടെയും സഹാബത്തിന്റെയും ത്യാഗചരിത്രങ്ങൾ അയവിറക്കുവാനും അവരുടെ മാതൃക പിൻപറ്റുവാനുമുള്ള പ്രചോദനമാണ് ഇതിൽനിന്നൊക്കെ നമുക്ക് ലഭിക്കുവാനുള്ളത്.

**മസ്ജിദുൽ ക്വിബ്ലത്തൈൻ**

രണ്ട് ക്വിബ്ലകളുള്ള പള്ളി എന്നാണ് ഇതിന്റെ അർഥം. ആ പ്രദേശത്തുകാർ ഒരു നമസ്കാരത്തിലായി രിക്കെ നബി(സ്വ)ക്ക് ബൈത്തുൽ മക്വ്ദിസിൽനിന്ന് കഅ്ബയിലേക്ക് ക്വിബ്‌ല മാറിക്കൊണ്ടുള്ള വഹ്‌യ് ലഭിച്ച വിവരം പ്രവാചകനോടൊപ്പം നമസ്കരിച്ചു വന്ന ഒരു സ്വഹാബി അറിയിച്ചപ്പോൾ നിസ്കാരത്തിൽ തന്നെ അവർ കഅ്ബയിലേക്ക് തിരിഞ്ഞ് നമസ്കരിച്ചതിനാൽ രണ്ട് ക്വിബ്‌ലകളുടെ പള്ളി എന്ന പേരിൽ അത് അറിയപ്പെടുകയാണ് ചെയ്തത്. അവിടെയും മതപരമായ പ്രത്യേക സന്ദർശനത്തിനും കർമങ്ങൾക്കും മാതൃകയില്ല. ആ ചരിത്ര സത്യം നേരിൽ കണ്ടു ബോധ്യപ്പെടാൻ സന്ദർശനം സഹായകമാണെന്നു മാത്രം.

**മദീനയിൽ സന്ദർശിക്കാനുള്ള മറ്റു സ്ഥലങ്ങൾ**

*ബക്വീഉൽ ഗർഖദ് (മദീനയിലെ ക്വബ്ർസ്ഥാൻ)*

ഒട്ടേറെ സ്വഹാബികൾ അടക്കം ധാരാളം വിശ്വാസികൾ ക്വബ്റടക്കപ്പെട്ടിട്ടുള്ള ശ്മശാനമാണ് 'ബക്വീഅ്.' നബി(സ്വ) അവിടം സന്ദർശിക്കുകയും സലാം പറയുകയും അവിടെ ക്വബ്റടക്കപ്പെട്ടിട്ടുള്ളവർക്കു വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യുമായിരുന്നു.

അതിനാൽ നമുക്കും ആ ക്വബ്റുകൾ സന്ദർശിക്കുവാനും സലാം പറയുവാനും അവർക്കുവേണ്ടി പടച്ചവനോട് പ്രാർഥിക്കുവാനും അതുവഴി പുണ്യം നേടാനും ശ്രമിക്കാം. അവരെപ്പോലെ നമ്മളും ഒരു ദിവസം ഈ ലോകം വിട്ടു പോകേണ്ടവരാണ് എന്ന ചിന്ത നമുക്ക് സദാസമയവും ഉണ്ടായിരിക്കുകയും വേണം.

എന്നാൽ ഏതെങ്കിലും ക്വബ്റിലേക്ക് തിരിഞ്ഞു നമസ്കരിക്കുന്നതും ബറകത്തെടുക്കുവാൻ എന്ന ഉദ്ദേശ്യത്തിൽ അവിടെനിന്ന് മണ്ണോ കല്ലോ മറ്റെന്തെങ്കിലും സാധനങ്ങളോ എടുത്തുകൊണ്ടുപോകുന്നതും ക്വബ്റാളികളോട് പ്രാർഥിക്കുന്നതും ഇസ്‌ലാമികമായി പാടില്ലാത്ത ഗുരുതരമായ തെറ്റുകളാണ്.

*ഉഹ്ദ്*

ഇസ്‌ലാമിക ചരിത്രത്തിലെ സുപ്രധാനമായ ഉഹ്ദ് യുദ്ധം നടന്ന സ്ഥലമാണ് ഉഹ്ദ് മലയും പരിസരപ്രദേശങ്ങളും. എഴുപതോളം സ്വഹാബിമാർ ശഹീദായ സ്ഥലമാണത്. പ്രവാചകൻ(സ്വ) ഉഹ്ദ് ശുഹദാക്കളെ സന്ദർശിക്കുകയും അവർക്ക് സലാം പറയുകയും അവർക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യുമായിരുന്നു. ഇസ്‌ലാമിനുവേണ്ടി ധാരാളം ത്യാഗങ്ങൾ സഹിച്ച് ശത്രുക്കളോട് പോരാടി മരണം വരിച്ച മഹത്തുക്കളാണ് അവർ. ആ സ്വഹാബത്തിന്റെ ത്യാഗവും ആത്മാർഥതയും ദീനീനിഷ്ഠയും അറിയുകയും അവരെ സ്നേഹിക്കുകയും മതപരമായ ആശയാദർശങ്ങൾ അവർ പ്രവാചകനിൽ നിന്ന് പഠിച്ചറിഞ്ഞ് ആചരിച്ചതുപോലെ അവരിൽനിന്ന് നമ്മളും പഠിച്ചറിഞ്ഞ് പിൻപറ്റാൻ പ്രത്യേകം മനസ്സുവെക്കേണ്ടതുണ്ട്.

*ക്വുബാ പള്ളി*

നബി(സ്വ) ആഴ്ചയിലൊരിക്കൽ ക്വുബാ പള്ളി സന്ദർശിക്കുകയും അവിടെ നമസ്കരിക്കുകയും ചെയ്യാറുണ്ടായിരുന്നു. താമസ സ്ഥലത്തുനിന്ന് വുദൂഅ് ചെയ്ത് ക്വുബാ മസ്ജിദിലെത്തുകയും അവിടെ വെച്ച് നമസ്കാരം നിർവഹിക്കുകയും ചെയ്താൽ ഒരു ഉംറ നിർവഹിച്ച പ്രതിഫലമുണ്ട് എന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട് (ഇബ്നു മാജ).

അബ്ദുല്ല അൻസാരി

# ആരാണ് ഭീകരവാദികൾ?



ഒന്നാം ലോകമഹായുദ്ധവും ലോകമഹായുദ്ധവും നടന്നതിനു പിന്നിൽ മുസ്‌ലിംകളായിരുന്നില്ല. ഇരുപത് മില്യൺ പ്രാക്തന ആസ്ത്രേലിയക്കാരെ കൊന്നത് മുസ്‌ലിംകളായിരുന്നില്ല. വടക്കൻ അമേരിക്കയിൽ നൂറ് മില്യൺ അമേരിക്കൻ ആദിമ ജനതയെ കൊന്നൊടുക്കിയതും മുസ്‌ലിംകളായിരുന്നില്ല. തെക്കേ അമേരിക്കയിൽ 50 മില്യൺ റെഡ് ഇന്ത്യൻസിനെ കൊന്നൊടുക്കിയതും 180 മില്യൺ ആഫ്രിക്കൻ റൂമികളെ അടിമകളാക്കിയതും തുടർന്ന് മില്യൺ കണക്കിന് കറുത്ത വർഗക്കാരെ ബന്ധനസ്ഥരാക്കി യൂറോപ്പിലെ അടിമച്ചന്തയിൽ വില്പനയ്ക്കുവച്ച്; ലോകത്തുടനീളമുണ്ടായിരുന്ന, കൈയൂക്കിലൂടെയും ചതിയിലൂടെയും കയ്യടക്കിയ തോട്ടങ്ങളിലും വൻവ്യവസായശാലകളിലും യൂറോപ്യന്മാരുടെ അടുക്കളകളിലും അടിമപ്പണി ചെയ്യിച്ച് അവരുടെ ചോരയും നീരും ഊറ്റികുടിച്ചത് മുസ്‌ലിംകളായിരുന്നില്ല. അറ്റ്ലാനറിക്കയിലെ 88% ജനങ്ങളെ കൊന്നത് മുസ്‌ലിംകളായിരുന്നില്ല.

കോടിക്കണക്കിന് മനുഷ്യരെ നിഷ്ഠൂരം കൊന്നൊടുക്കിയ ലെനിനും ജോസഫ് സ്റ്റാലിനും പോൾപോട്ടും മുസ്‌ലിംകളായിരുന്നില്ല. ഹിറ്റ്ലറും മുസ്സോളിനിയും മുസ്‌ലിംകളായിരുന്നില്ല. കിംവദന്തികളിലൂടെയും അപവാദ പ്രചാരണങ്ങളിലൂടെയും ഒരു സഹസ്രാബ്ദത്തോളം യൂറോപ്പിലുടനീളം ജൂതന്മാരെ കൊന്നൊടുക്കിയത് മുസ്‌ലിംകളായിരുന്നില്ല. ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റം ബോംബിട്ട് ലക്ഷക്കണക്കിന് മനുഷ്യരെ ഒറ്റ രാത്രികൊണ്ട് കൊന്നൊടുക്കിയതും മുസ്‌ലിംകളായിരുന്നില്ല...



സമൃദ്ധമായ പ്രൊപ്പഗണ്ടയിലൂടെ ആടിനെ പട്ടിയാക്കാനും പട്ടിയെ പേപ്പട്ടിയാക്കാനും പിന്നീട് തല്ലിക്കൊല്ലാനും പണ്ടേ സാമർഥമുള്ളവരാണ് സഭാ മേധാവികളും മിഷണറി അജണ്ട ഉള്ളിലൊളിപ്പിച്ച പാശ്ചാത്യൻ കൊളോണിയലിസവും. ആദ്യം ഇരകളിൽ ഭിന്നിപ്പ് സൃഷ്ടിച്ച്, ഒരു വിഭാഗത്തെ മോഹന വാഗ്ദാനങ്ങൾ നൽകി ഒപ്പം നിറുത്തി, സമർഥമായി ഉപയോഗപ്പെടുത്തി ഇതരവിഭാഗത്തെ ഇല്ലാതാക്കും. കാര്യം സാധിച്ചുകഴിഞ്ഞാൽ ഒപ്പം നിന്നവന്റെയും കാലുവാരി കഥ കഴിക്കും. ലോകത്തുടനീളം സാമ്രാജ്യങ്ങൾ കെട്ടിപ്പടുത്ത് ഏകധ്രുവലോകം സൃഷ്ടിക്കാൻ ശ്രമിക്കുന്നതും ഇതേ കുതന്ത്രങ്ങൾ ഉപയോഗിച്ചാണ്.

ഇതെല്ലാം ചെയ്തുകൂട്ടിയത് ‘കാസ’യുടെയും ‘ദീപിക’യുടെയും പൂർവികരും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും കപടവക്താക്കളായ സഭാമേധാവികളും ചേർന്നായിരുന്നു എന്നത് ചരിത്ര രേഖകളാണ്.

കീഴടങ്ങാൻ തയ്യാറാകാത്ത ആത്മാഭിമാനികളായ ചൈനക്കാരുടെ ആത്മവീര്യം ചോർത്താനായി ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്ന ബംഗാളിൽ വ്യാപകമായി ലഹരി മരുന്നുകൾ ഉല്പാദിപ്പിച്ച് അവിടേക്ക് ഒളിച്ചുകടത്തി അവരെ ഷണ്ഡീകരിച്ച് കീഴ്പ്പെടുത്തിയത് കാസയുടെ മുൻഗാമികളാണ്. ‘ഓപിയം വാർ’ എന്ന പേരിൽ ചരിത്രത്തിൽ ഇടം പിടിച്ച ഈ ക്രൂരവിനോദത്തിന് നേതൃത്വം നൽകിയത് ക്രിസ്ത്യൻ മിഷണറിമാരായിരുന്നു. ഇത്തരത്തിൽ, തങ്ങൾ പണ്ട് ചെയ്തുകൂട്ടിയ കൊടുംക്രൂരതകൾ മറ്റുള്ളവരും ചെയ്തിട്ടുണ്ട് എന്ന് വരുത്തി ആത്മസായൂജ്യമടയുന്നവർ മറ്റൊരു രൂപത്തിൽ ഭീകരത വീണ്ടും ആവർത്തിക്കുകയാണ്. തങ്ങളിൽ ഇല്ലാത്ത മൂല്യങ്ങളെ കുറിച്ചും ഉള്ള തിന്മകൾക്കെതിരെയുമായിരിക്കും ഒരാൾ കൂടുതൽ വാചാലനാവുക എന്നത് ഒരു മനഃശാസ്ത്ര സത്യമാണ്. കടന്നുവന്നവനാണ് ഇതരന്റെ ദേശക്കൂറ് ചോദ്യം ചെയ്യുക. ദൈവവിശ്വാസത്തെ ചൂഷണം ചെയ്ത് ജീവിക്കുന്നവരാണ് ഇടയ്ക്കിടെ ‘ദൈവങ്ങളെ’ കൂട്ടുപിടിച്ച് സത്യം ചെയ്യുന്നത്. കെട്ടതോ തകർന്നതോ ആയ തറവാടിന്റെ പ്രതിനിധിയാണ് തറവാട്ടു മഹിമയിൽ ഊറ്റം കൊള്ളുക. ചെത്തിമിനുക്കിയ മൊഞ്ചുള്ള പദപ്രയോഗങ്ങളിലൂടെ വിപണനം ചെയ്യപ്പെടുന്ന ഉത്പന്നത്തിലാണ് വഞ്ചന ഒളിഞ്ഞിരിക്കുന്നത്. സ്നേഹത്തിനും സമാധാനത്തിനുമെതിരെ പുറംതിരിഞ്ഞു നിന്നവനാണ് അവയെക്കുറിച്ച് ഏറെ വാചാലമാവുക.

ജനാധിപത്യവും മനുഷ്യാവകാശ സങ്കല്പങ്ങളും വികാസം പ്രാപിച്ചുവെന്ന് അവകാശപ്പെടുന്ന ആധുനിക യുഗത്തിലും തീവ്ര ഇവാഞ്ചലിസ്റ്റ് ഉള്ളടക്കമുള്ള അമേരിക്കൻ ഭരണകൂടം 80ൽ അധികം രാഷ്ട്രങ്ങളിൽ അധിനിവേശം തുടരുന്നുവെന്ന് ഈ വിഷയത്തിൽ ഗവേഷണം നടത്തിയ സ്റ്റെഫാനി സാവെൽ (Stephanie Savell) വസ്തുനിഷ്ഠമായ ഡേറ്റകൾ നിരത്തി സ്ഥാപിക്കുന്നുണ്ട്. ബ്രൗൺ യൂണിവേഴ്സിറ്റിയുടെ വാട്സൺ ഇൻസ്റ്റിറ്റ്യൂട്ടിൽ ‘കോസ്റ്റ്സ് ഓഫ് വാർ’ പ്രോജക്റ്റ് ഡയറക്ടറാണ് അവർ. ഭീകരതക്കെതിരെയുള്ള പോരാട്ടം എന്ന പേരിലാണ് ഇക്കൂട്ടർ ഇത്രയധികം രാഷ്ട്രങ്ങളിൽ അധിനിവേശം നടത്തി ഭീകര പ്രവർത്തനം നടത്തുന്നതും തദ്ദേശീയരെ കൊന്നൊടുക്കുന്നതും. ലക്ഷ്യം സാമ്പത്തിക, സാമ്രാജ്യത്വ, ആധിപത്യ, മിഷണറി താൽപര്യങ്ങൾ സ്ഥാപിച്ചെടുക്കുക എന്നതും.

സമൃദ്ധമായ പ്രൊപ്പഗണ്ടയിലൂടെ ആടിനെ പട്ടിയാക്കാനും പട്ടിയെ പേപ്പട്ടിയാക്കാനും പിന്നീട് തല്ലിക്കൊല്ലാനും പണ്ടേ സാമർഥമുള്ളവരാണ് സഭാ മേധാവികളും മിഷണറി അജണ്ട ഉള്ളിലൊളിപ്പിച്ച പാശ്ചാത്യൻ കൊളോണിയലിസവും. ആദ്യം ഇരകളിൽ ഭിന്നിപ്പ് സൃഷ്ടിച്ച്, ഒരു വിഭാഗത്തെ മോഹന വാഗ്ദാനങ്ങൾ നൽകി ഒപ്പം നിറുത്തി, സമർഥമായി ഉപയോഗപ്പെടുത്തി ഇതരവിഭാഗത്തെ ഇല്ലാതാക്കും. കാര്യം സാധിച്ചുകഴിഞ്ഞാൽ ഒപ്പം നിന്നവന്റെയും കാലുവാരി കഥ കഴിക്കും. ലോകത്തുടനീളം സാമ്രാജ്യങ്ങൾ കെട്ടിപ്പടുത്ത് ഏകധ്രുവലോകം സൃഷ്ടിക്കാൻ ശ്രമിക്കുന്നതും ഇതേ കുതന്ത്രങ്ങൾ ഉപയോഗിച്ചാണ്. ■

വിവ: അബ്ദുൽ ജബ്ബാർ മദീനി



# വസ്വിയ്യത്ത്

**അർഥവും തെളിവുകളും**

1.വസ്വിയ്യത്തിന്റെ നിർവചനം: മറ്റൊരാളിലേക്ക് അല്ലെങ്കിൽ ഒരു കാര്യത്തിലേക്ക് ചേർക്കുക എന്നതാണ് വസ്വിയ്യത്തിന്റെ ഭാഷാർഥം. ഒരാൾ മറ്റൊരാൾക്ക് ഒരു വസ്തുവോ കടമോ ഉപകാരമോ ദാനം ചെയ്യലാണ് മതപരമായി വസ്വിയ്യത്ത്. വസ്വിയ്യത്ത് ചെയ്തവന്റെ മരണാനന്തരം വസ്വിയ്യത്ത് ചെയ്യപ്പെട്ടവൻ പ്രസ്തുത ദാനം ഉടമപ്പെടുത്തുമെന്ന നിലക്കാണത്.

തെളിവുകൾ: വിശുദ്ധ ക്വുർആൻ, തിരുസുന്നത്ത്, ഇജ്മാഅ് എന്നിവകൊണ്ട് വസ്വിയ്യത്ത് മതപരമെന്നത് സ്ഥിരപ്പെട്ടിരിക്കുന്നു. അല്ലാഹു പറഞ്ഞു:

“നിങ്ങളിലാർക്കെങ്കിലും മരണം ആസന്നമാവുമ്പോൾ, അയാൾ ധനം വിട്ടുപോകുന്നുണ്ടെങ്കിൽ മാതാപിതാക്കൾക്കും, അടുത്ത ബന്ധുക്കൾക്കും വേണ്ടി ന്യായപ്രകാരം വസ്വിയ്യത്ത് ചെയ്യുവാൻ നിങ്ങൾ നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. സൂക്ഷ്മത പുലർത്തുന്നവർക്ക് ഒരു കടമയത്രെ അത്” (ക്വുർആൻ 2:180).

ഇബ്നു ഉമറി(റ)ൽനിന്നു നിവേദനം. അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞു: “ഏതെങ്കിലും കാര്യത്തെപ്പറ്റി വസ്വിയ്യത്തു ചെയ്യുവാൻ ഉദ്ദേശ്യമുള്ള മുസ്‌ലിമായമനുഷ്യൻ അത് രേഖപ്പെടുത്താതെ രണ്ടു രാത്രിപോലും കഴിച്ചുകൂട്ടുന്നത് ഉചിതമല്ല.”

വസ്വിയ്യത്ത് അനുവദനീയമാണെന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു.

**വസ്വിയ്യത്തുമായി ബന്ധപ്പെട്ട വിധികൾ**

താഴെ വരുന്ന വിധികൾ വസ്വിയ്യത്തുമായി ബന്ധപ്പെടുന്നു:

1. തനിക്കുള്ളതും തന്റെമേൽ ബാധ്യതയായതുമായ അവകാശങ്ങൾ ഒരു വസ്വിയ്യത്തിൽ വ്യക്തമാക്കി അത് രേഖാമൂലമാക്കൽ ഒരു മുസ്‌ലിമിനു നിർബന്ധമാണ്. ഇബ്‌നു ഉമറി(റ)ൽനിന്നുള്ള മുൻചൊന്ന ഹദീസ് അതാണ് വ്യക്തമാക്കുന്നത്.

2. നന്മയുടെയും പുണ്യത്തിന്റെയും മാർഗങ്ങളിൽ ചെലവഴിക്കപ്പെടുവാൻ കുറച്ച് സമ്പത്ത് വസ്വിയ്യത്തു ചെയ്യൽ സുന്നത്താക്കപ്പെടും; മരണാനന്തരം അതിന്റെ പ്രതിഫലം അവന്ന് എത്തുന്നതിനു വേണ്ടിയാ ണത്. അബുദ്ദർദാഇ(റ)ൽനിന്നു നിവേദനം. തിരുദൂതർ(സ്വ) പറഞ്ഞു:

"നിങ്ങളുടെ മരണവേളയിൽ നിങ്ങളുടെ സ്വത്തിന്റെ മൂന്നിലൊന്ന് (വസ്വിയ്യത്തി ലൂടെ) വിനിയോഗിക്കുവാനുള്ള അവകാശം അല്ലാഹു നിങ്ങൾക്ക് ദാനം ചെയ്തിരിക്കുന്നു.''

3. മൂന്നിലൊന്നോ അതിൽകുറച്ചോ വസ്വിയ്യത്തു ചെയ്യുവാനാണ് അനുവാദമുള്ളത്. സഅ്ദ് ഇബ്‌നുഅബീവക്വാസി(റ)ൽനിന്നുള്ള ഹദീസിലാണ് മൂന്നിലൊന്ന് വസ്വിയ്യത്തുചെയ്യുവാനുള്ള അനുവാദമുള്ളത്. അദ്ദേഹം മരണ രോഗത്തിലായപ്പോൾ തിരുനബി(സ്വ) യോട് ചോദിച്ചു:

"എനിക്ക് എന്റെ സ്വത്തിന്റെ മൂന്നിൽ രണ്ടുഭാഗം ദാനം ചെയ്യാമോ?'' തിരുമേനി(സ്വ) പറഞ്ഞു: "പാടില്ല.'' ഞാൻ ചോദിച്ചു: "സ്വത്തിന്റെ പകുതി ദാനം ചെയ്യാമോ?'' തിരുമേനി പറഞ്ഞു: "പാടില്ല.'' ഞാൻ ചോദിച്ചു: "സ്വത്തിന്റെ മൂന്നിലൊന്ന് ദാനം ചെയ്യാമോ?'' തിരുമേനി പറഞ്ഞു: "അതെ, മൂന്നിലൊന്നു ദാനം ചെയ്യാം. മൂന്നിലൊന്നു തന്നെ ധാരാളമാണ്.''

മൂന്നിലൊന്നിനു താഴെ വസ്വിയ്യത്ത് ചെയ്യുന്നത് പ്രതിഫലാർഹമായ കാര്യമാകുന്നത് ഇബ്‌നുഅബ്ബാസി(റ)ൽ നിന്നുള്ള ഹദീസിനാലാണ്. അദ്ദേഹം പറഞ്ഞു:

"ജനങ്ങൾ മൂന്നിലൊന്ന് വസ്വിയ്യത്തുചെയ്യുന്നത് നാലിലൊന്നാക്കി കുറച്ചിരുന്നുവെങ്കിൽ! കാരണം തിരുനബി(സ്വ) പറഞ്ഞത് 'മൂന്നിലൊന്നു ദാനം ചെയ്യാം. മൂന്നിലൊന്നുതന്നെ ധാരാളമാണ്' എന്നാണ്.''


4. അനന്തരാവകാശിയുള്ള ഒരാളിൽനിന്ന് താൻ ഉടമപ്പെടുത്തിയതിൽ മൂന്നിലൊന്നിനെക്കാൾ കൂടുതലായുള്ള വസ്വിയ്യത്ത് സാധുവാകുകയില്ല; മുകളിൽ നൽകിയ സഅ്ദ് ഇബ്‌നു അബീവക്വാസി(റ) ന്റെ ഹദീസ് കാരണത്താൽ. എന്നാൽ അനന്തരാവകാശികൾ അതിന് അനുവദിച്ചാൽ വസ്വിയ്യത്ത് സാധുവാകും. വസ്വിയ്യത്ത് ചെയ്യുന്നവന് അനന്തരാവകാശികളില്ലെങ്കിൽ സ്വത്തു മുഴുവനും വസ്വിയ്യത്ത് ചെയ്യാം.

5. സ്വത്ത് അനന്തരമെടുക്കുന്ന ഒരാൾക്കും വസ്വിയ്യത്ത് സാധുവാകുകയില്ല. അബൂഉമാമ(റ)യിൽനിന്ന് നിവേദനം, അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു:

"അല്ലാഹു ഓരോ അവകാശിക്കും അവരുടെ അവകാശം നൽകിയിരിക്കുന്നു. തന്നിമിത്തം അനന്തരാവകാശിക്കുവേണ്ടി വസ്വിയ്യത്തു ചെയ്യുവാൻ പാടില്ല.''

6. തെറ്റായ കാര്യത്തിനു വസ്വിയ്യത്ത് പാടില്ല. കാരണം അബുദ്ദർദാഇൽനിന്നുള്ള ഹദീസിലുള്ളത് -മുൻകഴിഞ്ഞതുപോലെ-വസ്വിയ്യത്ത് മതപരമാക്കിയത് വസിയ്യത്ത് ചെയ്യുന്നവന്റെ നന്മകൾ വർധിക്കുവാനാണ്.

7. കടവും സകാത്ത്, ഹജ്ജ് പോലുള്ള മതപരമായ കർ



മങ്ങളും കഫ്ഫാറാത്തും വസിയ്യത്തിനെക്കാൾ മുന്തിക്കപ്പെടും. അല്ലാഹു പറഞ്ഞു:

"(മരിച്ചയാൾ ചെയ്തിട്ടുള്ള) വസിയ്യത്തിനും കടമുണ്ടെങ്കിൽ അതിനും ശേഷമാണ് ഇതെല്ലാം" (ക്വുർആൻ 4: 11).

അലിയ്യ്(റ) പറഞ്ഞു: "തിരുനബി(സ്വ) വസിയ്യത്തിനു മുമ്പ് കടം വീട്ടുവാൻ വിധിച്ചിരിക്കുന്നു."

8. വസിയ്യത്ത് ചെയ്യുന്നവൻ സ്വത്തിൽ ഇടപാടിന് അനുവാദമുള്ളവനായിരിക്കണം. അഥവാ അവൻ ബുദ്ധിയുള്ളവനും പ്രായപൂർത്തിയായവനും സ്വതന്ത്രനും സ്വേച്ഛപ്രകാരം ചെയ്യുന്നവനുമായിരിക്കണം.

9. തെറ്റായ വകുപ്പിലേക്ക് വസിയ്യത്തു ചെയ്യൽ നിഷിദ്ധമാകുന്നു. അവിശ്വാസികളുടെ ആരാധനാലയങ്ങളിലേക്കും സംഗീതോപകരണങ്ങൾ പോലുള്ളവ വാങ്ങുവാനും മറ്റും വസിയ്യത്തു ചെയ്യുന്നതുപോലെ. പ്രസ്തുത വസിയ്യത്ത് ബാത്വിലാകുന്നു.

10. അനന്തരാവകാശി ആവശ്യക്കാരനല്ലാതിരിക്കുകയും ധാരാളം സമ്പത്ത് ഉള്ളവനുമായ ഒരു വ്യക്തിക്ക് വസിയ്യത്തു ചെയ്യൽ പ്രതിഫലാർഹമായ പുണ്യമാകുന്നു. അല്ലാഹു പറഞ്ഞു:

"നിങ്ങളിലാർക്കെങ്കിലും മരണം ആസന്നമാവുമ്പോൾ, അയാൾ ധനം വിട്ടുപോകുന്നുണ്ടെങ്കിൽ വസിയ്യത്ത് ചെയ്യുവാൻ നിങ്ങൾ നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു" (ക്വുർആൻ 2:180).

അനന്തരാവകാശി ആവശ്യക്കാരനാവുകയും കുറച്ചു സമ്പത്തുള്ളവനുമായ വ്യക്തിയുടെ വസിയ്യത്ത് വെറുക്കപ്പെട്ടതാണ്. തിരുനബി(സ്വ) പറഞ്ഞു:

"താങ്കളുടെ അനന്തരാവകാശികളെ ജനങ്ങളോട് കൈനീട്ടി യാചിക്കുവാൻ വിട്ടേക്കുന്നതിനെക്കാൾ അവരെ സ്വയം പര്യാപ്തരായി വിടുന്നതാണല്ലോ താങ്കൾക്ക് ഉത്തമമായത്."

> "നിങ്ങളിലാർക്കെങ്കിലും മരണം ആസന്നമാവുമ്പോൾ, അയാൾ ധനം വിട്ടുപോകുന്നുണ്ടെങ്കിൽ വസ്വിയ്യത്ത് ചെയ്യുവാൻ നിങ്ങൾ നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു" (ക്വുർആൻ 2:180). അനന്തരാവകാശി ആവശ്യക്കാരനാവുകയും കുറച്ചു സമ്പത്തുള്ളവനുമായ വ്യക്തിയുടെ വസ്വിയ്യത്ത് വെറുക്കപ്പെട്ടതാണ്. തിരുനബി(സ്വ) പറഞ്ഞു: "താങ്കളുടെ അനന്തരാവകാശികളെ ജനങ്ങളോട് കൈനീട്ടി യാചിക്കുവാൻ വിട്ടേക്കുന്നതിനെക്കാൾ അവരെ സ്വയം പര്യാപ്തരായി വിടുന്നതാണല്ലോ താങ്കൾക്ക് ഉത്തമമായത്."

11. വസിയ്യത്ത് ചെയ്യുന്നവന്റെ ഉദ്ദേശ്യം അനന്തരാവകാശികൾക്ക് ക്ഷതമേൽപ്പിക്കലാണെങ്കിൽ വസിയ്യത്ത് ഹറാമാകുന്നു. അല്ലാഹു പറഞ്ഞു: "ദ്രോഹകരമല്ലാത്ത വസിയ്യത്ത്" (ക്വുർആൻ 4: 12).

12. വസിയ്യത്ത് സ്വീകരിക്കലും അത് ഉടമപ്പെടുത്തലും വസിയ്യത്ത് ചെയ്തവന്റെ മരണശേഷമല്ലാതെ സാധുവാകുകയില്ല. കാരണം അതാണ് അവന്റെ അവകാശം സ്ഥിരപ്പെടുന്ന സമയം. ഇത് ഒരു നിർണിത വ്യക്തിക്കുള്ള വസിയ്യത്താകുമ്പോഴാണ്. എന്നാൽ ഒരു നിർണിത വ്യക്തിക്കല്ല, അഗതികൾ, വിദ്യാർഥികൾ, പള്ളികൾ, അനാഥമന്ദിരങ്ങൾ പോലുള്ളവയ്ക്കാണ് വസിയ്യത്തെങ്കിൽ അത് സ്വീക രിക്കേണ്ട ആവശ്യമില്ല. പ്രത്യുത; കേവല മരണത്തോടെ അത് അനിവാര്യമായി."

13. തന്റെ വസിയ്യത്തോ അതിൽ ചിലതോ തിരിച്ചെടുക്കാനും അത് ഒഴിവാക്കാനും വസിയ്യത്ത് ചെയ്തവന് അവകാശമുണ്ട്. ഉമർ(റ) പറഞ്ഞു: "ഒരു വ്യക്തിക്ക് തന്റെ വസിയ്യത്തിൽ താനുദ്ദേശിച്ചത് ഭേദഗതി ചെയ്യാവുന്നതാണ്."

14. ഉടമപ്പെടുത്തൽ സാധുവാകുന്ന ഏതൊരു വ്യക്തിക്കുവേണ്ടിയും വസിയ്യത്തു ചെയ്യൽ സ്വഹീഹാകുന്നതാണ്; അവൻ മുസ്‌ലിമായാലും കാഫിറായാലും ശരി. അല്ലാഹു പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ മിത്രങ്ങൾക്ക് വല്ല ഉപകാരവും ചെയ്യുന്നുവെങ്കിൽ അത് ഇതിൽനിന്ന് ഒഴിവാകുന്നു" (ക്വുർആൻ 33: 6).

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽ ഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം).*



ശൈഖ് നാസ്വിറുദ്ദീൻ അൽഅൽബാനി(റഹി)
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

# നബി(സ്വ)യുടെ നമസ്കാരം; ഒരു സംക്ഷിപ്ത വിവരണം 05

**മൂന്നാമത്തെയും നാലാമത്തെയും റക്അത്ത്**

148. പിന്നെ, വാജിബായ തക്ബീർ ചൊല്ലണം. ഇരുന്നുകൊണ്ട് തന്നെ തക്ബീർ ചൊല്ലുന്നതാണ് നബിചര്യ.

149. നബി(സ്വ) ചിലപ്പോൾ, തന്റെ കൈകൾ ഉയർത്തും.

150. ശേഷം മൂന്നാമത്തെ റക്അത്തിനായി എഴുന്നേൽക്കണം. ഇത് ഇതിനുശേഷം വരുന്നതുപോലെ, ഒരു റുക്നാണ്.

151. നാലാമത്തെ റക്അത്തിനായി എഴുന്നേൽക്കാനുദ്ദേശിച്ചാൽ ഇപ്രകാരം തന്നെ ചെയ്യണം.

152. എന്നാൽ, എഴുന്നേൽക്കുന്നതിനു മുമ്പ് അസ്ഥികളെല്ലാം അതിന്റെതായ സ്ഥാനത്ത് മടങ്ങിവരുന്ന വിധം, ശാന്തമായി ഇടതു കാലിന്മേൽ നേരെ ഇരിക്കണം.

153. പിന്നെ, രണ്ടാമത്തെ റക്അത്തിനായി എഴുന്നേൽക്കുമ്പോൾ ചെയ്തതുപോലെ, ഇരുകൈകളിലും ഊന്നിക്കൊണ്ട് എഴുന്നേൽക്കണം.

154. ശേഷം, മൂന്നാമത്തെയും നാലാമത്തെയും റക്അത്തുകളിലോരോന്നിലും സൂറത്തുൽ ഫാതിഹ ഓതണം. ഇത് വാജിബാണ്.

155. ചിലപ്പോൾ, ഒരായത്തോ അതിലധികമോ ഫാതിഹയോട് അനുബന്ധമായി ഓതാവുന്നതാണ്.

**ആപൽഘട്ടങ്ങളിലെ ക്വുനൂത്തും അതിന്റെ സ്ഥാനവും**

156. മുസ്‌ലിംകൾക്ക് ബാധിച്ച ആപത്ത് കാരണമായി ക്വുനൂത്ത് നിർവഹിക്കുകയും അവർക്കു വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നത് സുന്നത്താണ്.

157. ഈ ക്വുനൂത്തിന്റെ സ്ഥാനം റുകൂഅ് കഴിഞ്ഞ് رَبَّنَا وَلَكَ الْحَمْدُ (ഞങ്ങളുടെ നാഥാ! നിനക്ക് തന്നെയാകുന്നു സ്തുതി) എന്നു പറഞ്ഞ ശേഷമാണ്.

158. സ്ഥിരമായ ഒരു പ്രാർഥന അതിനില്ല. പ്രത്യുത, ആ ആപത്തിനോട് യോജിച്ച രീതിയിൽ പ്രാർഥിക്കുകയാണ് വേണ്ടത്.

159. ഈ പ്രാർഥനയിൽ ഇരുകൈകളും ഉയർത്തണം.

160. ഇമാമാണെങ്കിൽ ഉറക്കെ പ്രാർഥിക്കണം.

161. പിന്നിലുള്ളവർ അതിന് 'ആമീൻ' പറയുകയും വേണം.

162. അതിൽനിന്നും വിരമിച്ചാൽ, തക്ബീർ ചൊല്ലുകയും സുജൂദ് നിർവഹിക്കുകയും വേണം.

**വിത്‌റിലെ ക്വുനൂത്തിന്റെ സ്ഥാനവും രൂപവും**

163. വിത്‌റിലുള്ള ക്വുനൂത് നബി(സ്വ) ചിലപ്പോൾ മാത്രമെ നിർവഹിച്ചിരുന്നുള്ളൂ.

164. ആപൽഘട്ടങ്ങളിലുള്ള ക്വുനൂതിന് വിരുദ്ധമായി റുകൂഇന്റെ മുമ്പാണ് അതിന്റെ സ്ഥാനം.

165. താഴെ വരുന്ന പ്രാർഥന അതിൽ ചൊല്ലാം:

اللَّهُمَّ اهْدِنِي فِيمَنْ هَدَيْتَ، وَعَافِنِي فِيمَنْ عَافَيْتَ، وَتَوَلَّنِي فِيمَنْ تَوَلَّيْتَ، وَبَارِكْ لِي فِيمَا أَعْطَيْتَ، وَقِنِي شَرَّ مَا قَضَيْتَ، فَإِنَّكَ تَقْضِي وَلَا يُقْضَى عَلَيْكَ، وَإِنَّهُ لَا يَذِلُّ مَنْ وَالَيْتَ، وَلَا يَعِزُّ مَنْ عَادَيْتَ، تَبَارَكْتَ رَبَّنَا وَتَعَالَيْتَ، لَا مَنجَا مِنكَ إِلَّا إِلَيْكَ

"അല്ലാഹുവേ! നീ നേർമാർഗത്തിലാക്കിയവരോടൊപ്പം എന്നെ നീ നേർമാർഗത്തിലാക്കേണമേ; നീ സൗഖ്യം നൽകിയവരോടൊപ്പം എന്നെ നീ സൗഖ്യത്തിലാക്കേണമേ; നീ ബന്ധം ചേർത്തവരോടൊപ്പം എന്നെയും നീ ചേർക്കണമേ; നീ നൽകിയതിൽ എനിക്ക് നീ അനുഗ്രഹം ചെയ്യേണമേ; നീ വിധിച്ചതിന്റെ തിന്മയിൽനിന്നും എന്നെ നീ രക്ഷപ്പെടുത്തേണമേ; എന്തെന്നാൽ നീ വിധിക്കുന്നു, നിനക്കെതിരായി വിധിക്കാൻ ആരുമില്ല; നീ ബന്ധം സ്ഥാപിച്ചവനെ നിന്ദിക്കാൻ ആരുമില്ലതന്നെ. നീ ശത്രുവാക്കിയവനെ പ്രതാപിയാക്കാനുമാരുമില്ല. ഞങ്ങളുടെ നാഥാ! നീ അനുഗൃഹീതനും ഉന്നതനുമാണ്. നിന്നിൽനിന്നുള്ള രക്ഷാമാർഗം നീയല്ലാതെ ഒന്നുമില്ല."

166. ഈ പ്രാർഥന അല്ലാഹുവിന്റെ റസൂൽ (സ്വ) പഠിപ്പിച്ചുതന്നതിൽ പെട്ടതാണ്. ഇതിനെക്കാൾ അവിടുന്ന് അധികരിപ്പിച്ചിട്ടില്ല- നബി(സ്വ)യുടെ പേരിലുള്ള സ്വലാത്തല്ലാതെ. സ്വഹാബികളിൽനിന്നും ഇത് (സ്വലാത്ത്) സ്ഥിരപ്പെട്ടുവന്നതിനാൽ അത് അനുവദനീയമാണ്.

167. പിന്നെ, റുകൂഉം രണ്ട് സുജൂദുകളും മുമ്പ് പറഞ്ഞതുപോലെ ചെയ്യണം.

**അവസാനത്തെ തശഹ്ഹുദും തവർറുകും**

168. പിന്നീട് അവസാന തശഹ്ഹുദിന് വേണ്ടി ഇരിക്കണം. ഇവ രണ്ടും വാജിബാണ്.

169. ആദ്യ തശഹ്ഹുദിൽ ചെയ്തതുതന്നെ ഇതിലും ചെയ്യണം.

170. ഇടത് പൃഷ്ഠം നിലത്തുവെച്ച് ഇരുകാലുകളും ഒരേ വശത്തേക്ക് (വലതുഭാഗത്തേക്ക്) ആക്കി ഇടതുകാൽപാദം വലതുകണങ്കാലിന്റെ അടിയിൽ വെച്ചുകൊണ്ട് 'തവർറുക്' രൂപത്തിൽ ഇരിക്കും എന്നുമാത്രം.

171. വലതുകാൽ കുത്തിനിർത്തുകയും വേണം.

172. ചിലപ്പോൾ, അത് പരത്തിവെക്കുന്നതും അനുവദനീയമാണ്.

173. ഇടതുകൈപ്പടം കൊണ്ട് ഇടതുകാൽ മുട്ടിനെ മുഴുവനായി പൊതിയണം. അതിന്മേൽ ഊന്നുകയും വേണം.

*നബി(സ്വ)യുടെ മേൽ സ്വലാത്ത് ചൊല്ലുന്നതിന്റെയും നാല് കാര്യങ്ങളിൽനിന്നും രക്ഷതേടുന്നതിന്റെയും അനിവാര്യത:*

174. ഈ തശഹ്ഹുദിൽ നബി(സ്വ)യുടെ മേൽ സ്വലാത്ത് ചൊല്ലൽ വാജിബാണ്. അതിന്റെ ചില രൂപങ്ങൾ ഒന്നാമത്തെ തശഹ്ഹുദിൽ നാം സൂചിപ്പിച്ചിട്ടുണ്ട്. (ന: 145,146).

175. നാല് കാര്യങ്ങളിൽനിന്നും അല്ലാഹുവോട് രക്ഷതേടിക്കൊണ്ട് ഇപ്രകാരം പറയണം.

اللَّهُمْ إِنِّي أَعُوذُ بِكَ مِنْ عَذَابِ جَهَنَّمَ وَمِنْ عَذَابِ الْقَبْرِ وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ وَمِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ

"അല്ലാഹുവേ, നരകശിക്ഷയിൽനിന്നും ക്വബ്‌റിലെ ശിക്ഷയിൽനിന്നും ജീവിതത്തിലെയും മരണത്തിലെയും കുഴപ്പങ്ങളിൽനിന്നും മസീഹുദ്ദജ്ജാലിന്റെ കുഴപ്പങ്ങളിൽനിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു" [18]

**സലാം വീട്ടുന്നതിന് മുമ്പുള്ള പ്രാർഥന**

176. പിന്നെ ക്വുർആനിലും സുന്നത്തിലും സ്ഥി

രപ്പെട്ട, തനിക്ക് സൗകര്യപ്പെടുന്ന ഏത് പ്രാർഥ നയും പ്രാർഥിക്കാം-അത് വളരെ കൂടുതലുണ്ട്. അതിലുള്ളതൊന്നും അവൻ സ്വായത്തമാക്കിയിട്ടില്ലെങ്കിൽ അവന്റെ ദീൻകാര്യത്തിലും ഇഹലോകത്തിലും ഉപകാരപ്പെടുന്ന എളുപ്പമുള്ള പ്രാർഥനകൾ പ്രാർത്ഥിക്കാവുന്നതാണ്.

**സലാം വീട്ടലും അതിന്റെ ഇനങ്ങളും**

177. പിന്നീട്, തന്റെ വലതുഭാഗത്തേക്ക് സലാം വീട്ടണം-അത് ഒരു റുക്നാണ്-തന്റെ വലതുകവിളിന്റെ വെളുപ്പ് കാണുവോളം തിരിയണം.

178. ഇടത് കവിളിന്റെ വെളുപ്പ് കാണുവോളം ഇടതുഭാഗത്തേക്കും (തിരിയണം). മയ്യിത്ത് നമസ്കാരത്തിലാണെങ്കിലും ഇപ്രകാരം ചെയ്യണം.

179. ഇമാം സലാം വീട്ടുമ്പോൾ തന്റെ ശബ്ദമുയർത്തണം. (മയ്യിത്ത് നമസ്കാരത്തിലൊഴികെ)

180. സലാം വീട്ടുന്നതിന് വ്യത്യസ്ത രീതികളുണ്ട്:

1) السَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ وَبَرَكَاتُهُ

(അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും അനുഗ്രഹങ്ങളും നിങ്ങളുടെ മേലുണ്ടാവട്ടെ) എന്ന് വലതുഭാഗത്തേക്ക് തിരിയുമ്പോഴും, السَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ (അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും നിങ്ങളുടെ മേലുണ്ടാവട്ടെ) എന്ന് ഇടതുഭാഗത്തേക്ക് തിരിയുമ്പോഴും പറയുക.

2) മുകളിൽ പറഞ്ഞതിൽനിന്നും وَ بَرَكَاتُهُ (അവന്റെ അനുഗ്രഹങ്ങളും) ഒഴിവാക്കിക്കൊണ്ട് പറയും.

3) السَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ (അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും നിങ്ങളുടെ മേലുണ്ടാവട്ടെ) എന്ന് വലതുഭാഗത്തക്കും, السَّلَامُ عَلَيْكُمْ (അല്ലാഹുവിന്റെ രക്ഷ നിങ്ങളുടെ മേലുണ്ടാവട്ടെ) എന്ന് ഇടതുഭാഗത്തേക്കും.

4) മുഖം നേരെ വച്ച്, വലതുഭാഗത്തേക്ക് അൽപം തിരിച്ചുകൊണ്ട് ഒറ്റ സലാം മാത്രം പറയുക.

എന്റെ മുസ്‌ലിം സഹോദരാ! 'നബി(സ്വ)യുടെ നമസ്കാരത്തിന്റെ സംക്ഷിപ്ത വിവരണം' എനിക്ക് സാധിച്ചവിധത്തിൽ ചെയ്തതാണ്. നിങ്ങൾ സ്വന്തം കണ്ണുകൾകൊണ്ട് അത് കാണുന്നതുപോലെ, നിങ്ങൾക്ക് വ്യക്തമാകുകയും നിങ്ങളുടെ മനസ്സിൽ പതിയുകയും ചെയ്യുന്ന രീതിയിൽ അത് എളുപ്പമാക്കുവാൻ ഞാൻ പരിശ്രമിച്ചിട്ടുണ്ട്. അങ്ങനെ, ഞാൻ നിങ്ങൾക്ക് വിവരിച്ചു തന്ന രീതിയിൽ നിങ്ങൾ നമസ്കരിക്കുകയാണെങ്കിൽ, നിങ്ങളിൽ നിന്നും അല്ലാഹു അത് സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കാരണം, അതിലൂടെ നിങ്ങൾ صَلُّوا كَمَا رَأَيْتُمُونِي أُصَلِّي (ഞാൻ നമസ്കരിക്കുന്നത് കണ്ടതുപോലെ നിങ്ങൾ നമസ്കരിക്കുക) എന്ന നബിവചനം കർമരൂപേണ സത്യപ്പെടുത്തുകയാണല്ലോ ചെയ്യുന്നത്.

ഹൃദയസാന്നിധ്യത്തോടെയും ഭയഭക്തിയോടെയും നമസ്കരിക്കേണ്ടതിന്റെ പ്രാധാന്യം മറന്നുപോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം, അടിമ അല്ലാഹുവിന്റെ മുമ്പിൽ നിൽക്കുന്നതിന്റെ പ്രധാന ലക്ഷ്യം അതാണ്. ഭയഭക്തിയിലും നബി(സ്വ)യുടെ നമസ്കാരം അനുകരിക്കുന്നതിലും നിങ്ങൾക്ക് ഈ വിവരിച്ചുതന്നതിൽനിന്ന് നിങ്ങൾ അത് സ്വയം യാഥാർഥ്യമാക്കുന്നതിന്റെ തോതനുസരിച്ചാണ് إِنَّ الصَّلَاةَ تَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ (തീർച്ചയായും, നമസ്കാരം നീചവൃത്തിയിൽനിന്നും നിഷിദ്ധകർമത്തിൽനിന്നും തടയുന്നു)[19] എന്ന വാക്കിലൂടെ നമ്മുടെ രക്ഷിതാവ് സൂചിപ്പിച്ച ആ സദ്ഫലം നിങ്ങൾക്ക് ലഭിക്കുക.

അവസാനമായി, നമ്മുടെ നമസ്കാരവും മറ്റു കർമങ്ങളും നമ്മിൽനിന്നും സ്വീകരിക്കണമെന്നും നാം അവനെ കണ്ടുമുട്ടുന്ന - അതായത്,

يَوْمَ لَا يَنفَعُ مَالٌ وَلَا بَنُونَ - إِلَّا مَنْ أَتَى اللَّهَ بِقَلْبٍ سَلِيمٍ

(കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ. സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം)[20] എന്ന് പറഞ്ഞ ആ ദിവസത്തിലേക്ക് നമ്മുടെ പ്രതിഫലത്തെ നമുക്ക് വേണ്ടി സംരക്ഷിക്കേണമേ എന്ന് അല്ലാഹുവോട് ഞാൻ പ്രാർഥിക്കുന്നു. സർവലോക രക്ഷിതാവിനാകുന്നു സർവസ്തുതിയും.

---

*കുറിപ്പുകൾ:*

*(18)* فِتْنَةِ الْمَحْيَا (ജീവിതത്തിലെ കുഴപ്പം) എന്നാൽ മനുഷ്യൻ തന്റെ ജീവിതത്തിൽ നേരിടേണ്ടിവരുന്ന ഇഹലോകത്തെ യും അതിന്റെ ഇച്ഛകളുടെയും കുഴപ്പങ്ങൾ. فِتْنَةِ الْمَمَاتِ (മരണത്തിലെ കുഴപ്പം) എന്നാൽ ഖബറിലെ കുഴപ്പങ്ങളും, രണ്ട് മലക്കുകളുടെ ചോദ്യം ചെയ്യലും. فِتْنَةِ الْمَسِيحِ الدَّجَّالِ (മസീഹുദജ്ജാലിന്റെ കുഴപ്പം) എന്നാൽ ജനങ്ങളിൽ ധാരാളം പേരെ വഴിപിഴപ്പിക്കുകയും ദജ്ജാലിന്റെ ദിവ്യത്വവാദത്തെ പിൻപറ്റാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ അവനിൽ നിന്നും വെളിപ്പെടുന്ന അമാനുഷികതകൾ.

*(19) സൂറ: അൽ അൻകബൂത്ത് 29:45*

*(20) സൂറ: അശ്ശുഅറാഅ്: 26:88-89*

മുജീബ് റഹ്മാൻ സ്വലാഹി

# ദൈവനിഷേധം മനുഷ്യപ്രകൃതിക്ക് വിരുദ്ധം

ലോകത്ത് ഏറ്റവും കൂടുതൽ വിമർശനം നേരിടുന്ന മതം ഇസ്‌ലാമാണെന്നത് മിത്രങ്ങളും ശത്രുകളും അവിതർക്കിതമായി അംഗീകരിക്കുന്ന വസ്തുതയാണ്. നൂറ്റാണ്ട് പതിനാലു കഴിഞ്ഞിട്ടും സർവ വിമർശനങ്ങളുടെയും കുന്തമുനകൾ തകർത്ത് ഇസ്‌ലാം അതിശീഘ്രം പ്രയാണം തുടരുന്നു എന്നത് ചിന്തനീയമാണ്; അന്വേഷണത്തിനും പഠനത്തിനും വിധേയമാക്കാൻ പേരിപ്പിക്കുന്ന കാര്യം തന്നെയാണ്.

അന്ധമായ വിരോധത്തിന്റെ കണ്ണട മാറ്റിവച്ച് മതത്തിന്റെ അടിസ്ഥാന സ്രോതസ്സുകളിൽനിന്ന് പഠിക്കാൻ ശ്രമിച്ചാൽ തെറ്റുധാരണകളുടെ മൂടൽമഞ്ഞ് നീങ്ങിപ്പോകുകതന്നെ ചെയ്യും. ഇസ്‌ലാമിനെ വിമർശിക്കുന്നവർ ഇതിനു തയ്യാറാകാറില്ലെന്നു മാത്രമല്ല; തീവ്രമായ ഇസ്‌ലാം വിരോധം വച്ചുപുലർത്തുന്നവരുടെ വിമർശന ഗ്രന്ഥങ്ങള അവലംബിക്കുകയുമാണ് ചെയ്യുന്നത്.

“അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽനിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു” (ഖുർആൻ 5:16).

അധർമത്തിന്റെയും അനീതിയുടെയും അന്ധകാരത്തെ നീക്കം ചെയ്ത്, ധർമത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും പ്രകാശം പരത്താൻ ഇസ്‌ലാമിന്ന് സാധിക്കുന്നതിന്റെ മൗലിക കാരണം അത് ദൈവികമാണ് എന്നതാണ്. അതിന്റെ ആദർശം സമഗ്രവും അന്യൂനവും മനുഷ്യപ്രകൃതത്തോട് ഇണങ്ങുന്നതും തികച്ചും പ്രായോഗികവുമാണ്.

മനുഷ്യന്റെ ജന്മം ശുദ്ധ പ്രകൃതത്തിലായിക്കൊണ്ടാണ്. അതിലേക്ക് മടങ്ങാൻ ഖുർആൻ ആവശ്യപ്പെടുന്നു: “ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചു നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്...” (30:30).

‘എല്ലാ കുട്ടികളും ശുദ്ധ പ്രകൃതിയിലായാണ് ജനിക്കുന്നത്’ എന്ന നബിവചനം ഇതിനോട് ചേർത്തു വായിക്കുക.

ആറാം നൂറ്റാണ്ടിലെ, ഖുർആനിന്റെ പ്രഥമ അഭിസംബോധിതർക്ക് അതിന്റെ സന്ദേശത്തെ പ്രയോഗവത്കരിക്കാൻ സാധിച്ചതുപോലെ അത്യാധുനിക ലോകത്ത് ജീവിക്കുന്നവർക്കും അത് പ്രയോഗവത്കരിക്കാൻ സാധിക്കുമെന്നത് അതിന്റെ ദൈവികതയെ വിളിച്ചോതുന്നു.

ലോകത്ത് എത്രയോ മതങ്ങളും ദർശനങ്ങളും ഇസങ്ങളുമുണ്ട്. അവയിൽ മിക്കതിനും അടിസ്ഥാന പ്രമാണങ്ങളും ദാർശനിക ഗ്രന്ഥങ്ങളുമുണ്ട്. എന്നാൽ ഖുർആനിന്റെ ആദർശം മുഴുവനായും പ്രയോഗതലത്തിൽ കൊണ്ടുവന്നതുപോലെ മറ്റൊരു ഗ്രന്ഥത്തിനും പൂർണമായി കൊണ്ടുവരാൻ സാധിച്ചിട്ടില്ല. കുറ്റമറ്റ ഒരു മാർഗദർശനം നൽകാൻ മറ്റൊന്നിനും സാധിച്ചിട്ടില്ല.

മനുഷ്യന്ന് ഗുണകരമായ കാര്യങ്ങൾ മാത്രം ഇസ്‌ലാം അനുവദിക്കുകയും ദോഷകരമായതെല്ലാം നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നുവെന്നതും ഇസ്‌ലാം ത്രികാലജ്ഞാനിയായ പ്രപഞ്ച സ്രഷ്ടാവിന്റെ സന്ദേശമാണെന്നതിന്റെ കുറിമാനമാണ്.

പ്രപഞ്ചത്തിന് ഒരേയൊരു സ്രഷ്ടാവേയുള്ളൂ, അവനെ മാത്രമെ ആരാധിക്കാവൂ എന്ന ആദർശം ഏറ്റവും സുന്ദരവും മനസ്സുകൾക്ക് ഏറെ സംതൃപ്തി നൽകുന്നതുമാണ്. പ്രപഞ്ചത്തിന് ഒരേയൊരു സ്രഷ്ടാവേയുള്ളൂ എന്നത് യുക്തിഭദ്രമായ യാഥാർഥ്യമാണ്. അവനല്ലാത്ത ആരും ഒന്നും സൃഷ്ടിച്ചിട്ടില്ല.

“അതല്ല, യാതൊരു വസ്തുവിൽനിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ?”(52:35).

എല്ലാം സ്വയംഭൂവാണെന്നും ഒരു വസ്തുവിന്റെ സ്രഷ്ടാവ് അതുതന്നെയാണ്, അഥവാ സ്രഷ്ടാവും സൃഷ്ടിയും ഒന്നുതന്നെ എന്നും വേണമെങ്കിൽ വാദിക്കാം. എന്നാൽ ഇതു രണ്ടും യുക്തിരഹിതവും അർഥശൂന്യവുമാണെന്ന് തിരിച്ചറിയാൻ വലിയ ബുദ്ധിയൊന്നും വേണ്ട.

എല്ലാം അറിയുന്നവനും സർവശക്തനുമായ ദൈവമാണ് സർവവും സൃഷ്ടിച്ച് നിയന്ത്രിക്കുന്നത് എന്നത് തികച്ചും യുക്തിപരമാണ്. പ്രപഞ്ചത്തിലെ എല്ലാം കണിശമായ വ്യവസ്ഥയ്ക്ക് വിധേയമാണെന്നത് അതിന്റെ തെളിവാണ്. വിശ്വാസം അടിച്ചേൽപിക്കുകയല്ല, മനുഷ്യധിഷണയെ തൊട്ടുണർത്തി പരമസത്യം ബോധ്യപ്പെടുത്തുകയാണ് ഇസ്‌ലാം ചെയ്യുന്നത്.

സ്വന്തം ശരീരത്തിൽ പോലും സ്രഷ്ടാവ് സന്നിവേശിപ്പിച്ച ദൃഷ്ടാന്തങ്ങളെ അവഗണിച്ചുകൊണ്ടല്ലാതെ സ്രഷ്ടാവിന്റെ അസ്തിത്വത്തെ നിഷേധിക്കാൻ സാധ്യമല്ല.

“ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ പല ദൃഷ്ടാന്തങ്ങളുണ്ട്. നിങ്ങളിൽ തന്നെയും (പല ദൃഷ്ടാന്തങ്ങളുണ്ട്); എന്നിട്ട് നിങ്ങൾ കണ്ടറിയുന്നില്ലേ?” (അദ്ദാരിയാത്ത് 20-21).

ഉപയോഗശൂന്യമായ കിണർ വൃത്തിയാക്കുന്ന വേളയിൽ ലഭിച്ച എല്ലിൽനിന്ന് അത് 22-24 വയസ്സുള്ള ഒരു സ്ത്രീയുടെതാണെന്ന് കണ്ടെത്താനും അവൾ ഒരുതവണ പ്രസവിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാനും കെയ്റോ യൂണിവേഴ്സിറ്റിയിലെ ഫോറൻസിക് മെഡിസിൻ വകുപ്പു മേധാവി പ്രൊഫസർ സിഡ്നി സ്മിത്തിന് സാധിച്ചത് സൃഷ്ടിപ്പിലെ കൃത്യതയും വ്യവസ്ഥയും വ്യക്തമാക്കുന്നു. എന്തിനേറെ, ഒരു തലമുടി മാത്രം കിട്ടിയിട്ട് അതിലൂടെ കുറ്റവാളിയെ കണ്ടെത്താൻ സാധിച്ച സംഭവം നാം കേട്ടിട്ടുണ്ട്.

ഒരു അറബി കവിയുടെ വാക്കുകൾ ഇങ്ങനെ പരിഭാഷപ്പെടുത്താം: “ഏകനായ ആരാധ്യനെ ബോധ്യപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങൾ സർവ വസ്തുവിലുമുണ്ടായിരിക്കെ; അവനോട് ധിക്കാരം കാണിക്കുകയും നിഷേധിച്ച് തള്ളുകയും ചെയ്യുന്നത് എത്രമേൽ വിസ്മയിപ്പിക്കുന്ന കാര്യമാണ്!”

ക്വുർആൻ അവതരിപ്പിക്കുന്ന ദൃഷ്ടാന്തങ്ങളുടെ സവിശേഷത, ഒരോരുത്തരുടെയും നിലവാരത്തോട് സമരസപ്പെട്ടുപോകുന്നവ അവയിലുണ്ട് എന്നതാണ്. ശാസ്ത്രജ്ഞരെയും സാധാരണക്കാരെയും സാഹിത്യകാരന്മാരെയും ചരിത്രകാരന്മാരെയുമൊക്കെ അത് ചിന്തിപ്പിക്കുന്നു.

“മനുഷ്യൻ വിചാരിക്കുന്നുണ്ടോ, നാം അവന്റെ എല്ലുകളെ ഒരുമിച്ചുകൂട്ടുകയില്ലെന്ന്? അതെ, നാം അവന്റെ വിരൽതുമ്പുകളെ പോലും ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ”(75:3,4).

പ്രപഞ്ചനാഥനെ നിഷേധിക്കുന്നതിനെതിരെയുള്ള വിരലഗ്രത്തിന്റെ തെളിവുകളെ അവഗണിച്ചുകൊണ്ടല്ലാതെ നിരീശ്വരത്വത്തെ ന്യായീകരിച്ച് ഒരു വാചകം കുറിക്കാൻ സാധ്യമല്ല. സ്രഷ്ടാവിനെ നിഷേധിക്കല്ലേയെന്ന പ്രകൃതിയുടെ നിശ്ശബ്ദമായ അഭ്യർഥനയെ ഗൗനിക്കാത്തവനല്ലാതെ നിഷേധത്തിനെതിരെ ഒരു വാക്കുപോലും ഉരുവിടാൻ സാധ്യമല്ല.

ഇസ്‌ലാമിക വിശ്വാസം മനുഷ്യനെ സ്വതന്ത്രനാക്കുന്നു. സൃഷ്ടികളോടുള്ള ആരാധനയിൽനിന്ന് സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്ന സ്വാതന്ത്ര്യത്തിന്റെ വായു ശ്വസിക്കാനും നിർഭയത്വം ലഭിക്കാനും അതിലൂടെ സാധിക്കുന്നു.

അല്ലാഹു പറയുന്നു: “വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ”(6:82).

നിയമപാലകരുടെ ദൃഷ്ടിയിൽപെട്ടാലും ഇല്ലെങ്കിലും കുറ്റകൃത്യങ്ങളിൽനിന്ന് ദൂരം പാലിച്ച് ജീവിക്കാനുള്ള സൂക്ഷ്മതാബോധം തൗഹീദിലൂടെ ആർജിക്കാൻ സാധിക്കുന്നു. പാപം കടന്നുവരുന്ന സകല വാതായനങ്ങളും ഭദ്രമായി കൊട്ടിയടക്കാനും തെറ്റുകൾ പ്രവേശിക്കാൻ സാധ്യതയുള്ള സൂക്ഷ്മ സുഷിരങ്ങളെ വരെ മൂടിവയ്ക്കാനും വിശ്വാസിക്ക് കഴിയും. ക്യാമറക്കണ്ണുകളിൽനിന്ന് രക്ഷപ്പെടാൻ മാത്രം താത്ക്കാലികമായി നിയമം പാലിക്കുന്ന ‘ടെമ്പററി വിശ്വാസി’യായി ജീവിക്കാൻ അവന്ന് കഴിയില്ല. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുലുക്വ്മാൻ

(മക്കയിൽ അവതരിച്ചത്)

അധ്യായം
31

وَمَن يُسْلِمْ وَجْهَهُ إِلَى اللَّهِ وَهُوَ مُحْسِنٌ فَقَدِ
اسْتَمْسَكَ بِالْعُرْوَةِ الْوُثْقَىٰ ۗ وَإِلَى اللَّهِ عَاقِبَةُ الْأُمُورِ ﴿٢٢﴾

22. വല്ലവനും സദ്വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടികയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്. അല്ലാഹുവിങ്കലേക്കാകുന്നു കാര്യങ്ങളുടെ പരിണതി.

وَمَن كَفَرَ فَلَا يَحْزُنكَ كُفْرُهُ ۚ إِلَيْنَا مَرْجِعُهُمْ
فَنُنَبِّئُهُم بِمَا عَمِلُوا ۚ إِنَّ اللَّهَ عَلِيمٌ بِذَاتِ الصُّدُورِ
﴿٢٣﴾

23. വല്ലവനും അവിശ്വസിച്ചുവെങ്കിൽ അവന്റെ അവിശ്വാസം നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ. നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം. അപ്പോൾ അവർ പ്രവർത്തിച്ചതിനെപ്പറ്റി നാം അവരെ വിവരമറിയിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിവുള്ളവനാകുന്നു.

نُمَتِّعُهُمْ قَلِيلًا ثُمَّ نَضْطَرُّهُمْ إِلَىٰ عَذَابٍ غَلِيظٍ ﴿٢٤﴾

24. നാം അവർക്ക് അൽപം സുഖം അനുഭവിപ്പിക്കുന്നു. പിന്നെ കഠിനമായ ശിക്ഷയിലേക്ക് നാം അവരെ തള്ളിവിടുന്നതാണ്.

وَلَئِن سَأَلْتَهُم مَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ لَيَقُولُنَّ
اللَّهُ ۚ قُلِ الْحَمْدُ لِلَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٢٥﴾

25. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും: അല്ലാഹുവാണെന്ന്. പറയുക: അല്ലാഹുവിന് സ്തുതി. പക്ഷെ, അവരിൽ അധികപേരും മനസ്സിലാക്കുന്നില്ല.

لِلَّهِ مَا فِي السَّمَاوَاتِ وَالْأَرْضِ ۚ إِنَّ اللَّهَ هُوَ الْغَنِيُّ
الْحَمِيدُ ﴿٢٦﴾

26. അല്ലാഹുവിന്റേതാകുന്നു ആകാശങ്ങളിലും ഭൂമിയിലുമുള്ളത്. തീർച്ചയായും അല്ലാഹു പരാശ്രയമുക്തനും, സ്തുത്യർഹനുമാകുന്നു.

22) (വല്ലവനും തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്നപക്ഷം) ദീനിൽ ആത്മാർഥത പുലർത്തിക്കൊണ്ട്, മതനിയമങ്ങൾ ശരിയായി നിർവഹിച്ച് അവനു കീഴ്പെട്ട് ജീവിക്കുക. (സദ്വൃത്തനായിക്കൊണ്ട്)അവന്റെ ആ കീഴ്പെടൽ മതനിയമമനുസരിച്ചുള്ള പ്രവൃത്തിയിലൂടെയാണ്. പ്രവാചകനെ പിൻപറ്റിക്കൊണ്ടും നന്മ പ്രവർത്തിക്കുന്നവനായിക്കൊണ്ടും സർവ ആരാധനകളും നിർവഹിച്ചുകൊണ്ടും തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുക. അല്ലാഹുവിനെ നേരിൽ കാണുന്ന പോലെ ആരാധനകൾ നിർവഹിക്കുക. അവനെ കാണുന്നില്ലെങ്കിലും അവൻ കാണുന്നു. തന്റെ ബാധ്യതകൾ നിർവഹിച്ചും അല്ലാഹുവിനുള്ള ആരാധനകൾ നന്നാക്കിയും നന്മ ചെയ്യുക.



ഈ അർഥങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പാപങ്ങളുടെ വ്യത്യാസമല്ലാതെ മറ്റ് വ്യത്യാസങ്ങളില്ല. അവയെല്ലാം വിരൽ ചൂണ്ടുന്നത് ഇസ്‌ലാം അനുശാസിക്കുന്ന മുഴുവൻ നന്മകളും കടമകളും കർത്തവ്യങ്ങളും നിർവഹിക്കണമെന്നാണ്. ശരിയായും സ്വീകാര്യമാകും വിധത്തിലും ആരെങ്കിലും അങ്ങനെ ചെയ്താൽ (ഏറ്റവും ഉറപ്പുള്ള പിടികയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്) അത് പിടിക്കുന്നവൻ ഉറച്ചു. കൂടാതെ വിജയിക്കുകയും നാശത്തിൽനിന്ന് മോചനം നേടുകയും ചെയ്തു. എല്ലാ നന്മയും കരസ്ഥമാക്കി.

എന്നാൽ അല്ലാഹുവിന് പൂർണമായി സമർപ്പിക്കാതിരിക്കുകയും ഉറപ്പുള്ള പിടിയിൽ പിടിക്കാതിരിക്കുകയും ചെയ്താൽ അവൻ നാശത്തിലും പരാജയത്തിലും മാത്രമായിരിക്കും. (അല്ലാഹുവിങ്കലേക്കാകുന്നു കാര്യങ്ങളുടെ പരിണിതി) എല്ലാ കാര്യങ്ങളുടെയും ഫലം അല്ലാഹു തീരുമാനിക്കും. എല്ലാ കാര്യങ്ങളും അവസാനം അവനിലേക്ക് മടങ്ങും. അവിടെയാണ് അവസാനം. അപ്പോൾ അവൻ തന്റെ ദാസന്മാർക്കിടയിൽ വിധി കൽപിക്കും. അവരുടെ കർമങ്ങൾക്കനുസൃതമായ പ്രതിഫലം നൽകും; അവരുടെ പ്രവർത്തനങ്ങളുടെ പരിണിതി അവരിലേക്കുതന്നെ എത്തുംവിധം. അതിനാൽ അക്കാര്യത്തിനവർ തയ്യാറെടുക്കട്ടെ.

23) (വല്ലവനും അവിശ്വസിച്ചുവെങ്കിൽ അവന്റെ അവിശ്വാസം നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ) അവർക്ക് സന്ദേശം അറിയിക്കുക എന്ന താങ്കളുടെ ബാധ്യത താങ്കൾ നിർവ്വഹിച്ചു. അവർ സന്മാർഗം സ്വീകരിച്ചില്ലെങ്കിലും താങ്കൾക്ക് പ്രതിഫലം ഉറപ്പായി. അതിനാൽ സന്മാർഗം സ്വീകരിച്ചില്ലല്ലോ എന്നോർത്ത് ദുഖിക്കുന്നതിൽ അർഥമില്ല. അതിലെന്തെങ്കിലും നൻമയുണ്ടെങ്കിൽ അല്ലാഹു അവരെ നേർമാർഗത്തിലാക്കും. അവൻ നിങ്ങളോട് ശത്രുത കാണിക്കുകയും എതിർക്കുകയും വഴികേടിലും അവിശ്വാസത്തിലും ഉറച്ച് നിൽക്കുകയും ചെയ്യുന്നതിൽ താങ്കൾ സങ്കടപ്പെടരുത്.

(നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം. അപ്പോൾ

അവർ പ്രവർത്തിച്ചതിനെപ്പറ്റി നാം അവരെ വിവരം അറിയിക്കുന്നതാണ്) അവിശ്വാസം, ശത്രുത, അല്ലാഹുവിന്റെ പ്രകാശം കെടുത്താനുള്ള പരിശ്രമം, പ്രവാചകന്മാരെ ദ്രോഹിക്കുക തുടങ്ങി അവർ ചെയ്തതെല്ലാം നാം അവരെ അറിയിക്കും. (തീർച്ചയായും അല്ലാഹു ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിവുള്ളവനാകുന്നു) സംസാരിക്കാത്തത് അവനറിയുമെങ്കിൽ പരസ്യമായും പ്രത്യക്ഷമായും അവർ ചെയ്തത് എങ്ങനെയായിരിക്കും!

24) (നാം അവർക്ക് അൽപം സുഖം അനുഭവിപ്പിക്കുന്നു) ഇഹലോകത്ത് അൽപം സുഖമനുഭവിക്കാൻ നാം അവർക്ക് അവസരം നൽകും. അപ്പോൾ അവർ പാപം വർധിപ്പിക്കും. അങ്ങനെ അവരുടെ ശിക്ഷ പൂർണമാകും. (പിന്നീട് നാം അവരെ തള്ളിവിടും) കൊണ്ടെത്തിക്കും. (കഠിനമായ ശിക്ഷയിലേക്ക്) അത്യധികം വേദനാജനകവും ഭയാനകവും കഠിനവുമായ ശിക്ഷ.

25) (നീ അവരോട് ചോദിച്ചാൽ) സത്യത്തെ കളവാക്കുന്ന ബഹുദൈവ വിശ്വാസികളും നിഷേധികളുമായ ഇക്കൂട്ടരോട്. (ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരാണെന്ന്) അവർക്കറിയാം അവരുടെ ബിംബങ്ങൾ യാതൊന്നും സൃഷ്ടിച്ചില്ലെന്ന്. (അവർ പറയും: അല്ലാഹുവാണെന്ന്) അവൻ മാത്രമാണ് അവയെ സൃഷ്ടിച്ചത്.

(നബിയേ പറയുക:) ഈ ആശയം പിന്തുടരാൻ അവരെ പ്രേരിപ്പിച്ചുകൊണ്ട്. അല്ലാഹുവാണ് എല്ലാറ്റിന്റെയും സ്രഷ്ടാവ് എന്ന, അവർ അംഗീകരിച്ച ആശയത്തെ അവർ നിഷേധിക്കുന്നു. അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കുക. (അല്ലാഹുവിനാകുന്നു സർവസ്തുതി) വെളിച്ചം വ്യക്തമാക്കിയവൻ. നിങ്ങൾക്കെതിരെ നിങ്ങളിൽ നിന്നുതന്നെ തെളിവ് കൊണ്ടുവന്നവൻ; അവർ മനസ്സിലാക്കിയിരുന്നുവെങ്കിൽ! ഒരേ ഒരു സ്രഷ്ടാവും നിയന്താവുമായവൻ മാത്രമാണ് യോഗ്യൻ എന്ന് അവർ ഉറപ്പിച്ചു പറയും. അവൻ മാത്രമാണ് ആരാധനക്ക് അർഹൻ എന്നും. (അവരിൽ അധികപേരും മനസ്സിലാക്കുന്നില്ല). അതിനാലാണവർ അവനിൽ മറ്റുള്ളവരെ പങ്കുചേർത്തത്. അവരുടെ വിശ്വാസങ്ങളിലെ വൈരുധ്യങ്ങളിൽ സംതൃപ്തരായി; സംശയത്തോടെ. ഉൾക്കാഴ്ചയോടെയല്ല.

അല്ലാഹു തന്റെ അടിമകളെ ക്ഷണിക്കുന്നത് അവനെ ശരിയായി മനസ്സിലാക്കാനും സ്നേഹിക്കാനും ആരാധനകൾ അവനിൽ മാത്രം അർപ്പിക്കാനും കീഴ്വണക്കം അവന് മാത്രമാക്കാനുമാണ്. അതാണ് ഈ രണ്ട് വചനങ്ങളിൽ പറയുന്നത്. തുടർന്ന് അവന്റെ അധികാരത്തിന്റെ വിശാലതയെക്കുറിച്ച് പറയുന്നു. ആകാശഭൂമികളിലുള്ളതെല്ലാം എന്ന് പറയുമ്പോൾ ഈ ലോകവും ഉപരിലോകവും എല്ലാം ഉൾപ്പെടും. അതിലുള്ളതെല്ലാം അവന്റേതാണ്. അവന്റെ ഹിതമനുസരിച്ച് അവിടുത്തെ കാര്യങ്ങൾ അവൻ നിയന്ത്രിക്കുന്നു. മതപരമായ അവന്റെ കൽപനകളും വിലക്കുകളും പ്രതിഫലവും ശിക്ഷയും എല്ലാം അവന്റെ വിധി തീരുമാനങ്ങൾക്ക് അനുസൃതമായാണ്. അവരെല്ലാം അവന്റെ നിയന്ത്രണത്തിലുള്ള അടിമകളാണ്. അവർക്ക് ആധിപത്യത്തിൽ പങ്കില്ല. അവൻ വിശാലതയുള്ളവനും ധന്യനുമാണ്. സൃഷ്ടികൾക്ക് ആവശ്യമുള്ളതുപോലെ അവന് യാതൊരു ആവശ്യവും ആശ്രയവും ഇല്ല.

مَا أُرِيدُ مِنْهُم مِّن رِّزْقٍ وَمَا أُرِيدُ أَن يُطْعِمُونِ

'ഞാൻ അവരിൽനിന്ന് ഉപജീവനം ഒന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല' (51:57).

പ്രവാചകന്മാർ, സ്വിദ്ദീക്വുകൾ, രക്തസാക്ഷികൾ, സദ്വൃത്തർ എന്നിവരുടെ കർമങ്ങൾകൊണ്ട് അല്ലാഹുവിന് യാതൊരു ഗുണവുമില്ല. മറിച്ച്, അതിന്റെ ഗുണങ്ങൾ അവർക്കുതന്നെയാണ്. അവരുടെ പ്രവർത്തനം അല്ലാഹുവിന് ആവശ്യമില്ല. അവൻ അവരെ ഇഹത്തിലും പരത്തിലും ധന്യരാക്കുകയും സംതൃപ്തരാക്കുകയും ചെയ്യുന്നു.

26) തുടർന്ന് അല്ലാഹു നമ്മെ അറിയിക്കുന്നത് അവന്റെ സ്തുതിയുടെ വിശാലതയാണ്. സ്തുതി എന്നത് അവന്റെ പ്രധാന ഗുണങ്ങളിൽ ഒന്നാണ്. എല്ലാറ്റിലും അവൻ സ്തുതിക്കർഹനാണ്. അവന്റെ ഓരോ ഗുണത്തിനും അവൻ തികഞ്ഞ സ്തുതി അർഹിക്കുന്നു. കാരണം അത് മഹത്ത്വത്തിന്റെയും പൂർണതയുടെയും ഗുണങ്ങളാണ്. അവന്റെ സൃഷ്ടിപ്പും പ്രവൃത്തിയും സ്തുതിക്കപ്പെടും; അവൻ കൽപിച്ചതിലും വിരോധിച്ചതിലും. തന്റെ ദാസൻമാരിൽ അവൻ വിധിച്ച വിധികളെല്ലാം സ്തുതിക്കർഹമാണ്. ഇഹത്തിലും പരത്തിലും അവൻ സ്തുതിക്കപ്പെടും. ■

തെസ്ന വീരാൻ



# ദേശാടനം

ചുളിഞ്ഞ ചർമം നല്ല കാലത്തിലെ
വരൾച്ചയെ വരയ്ക്കുമ്പോൾ
കാഴ്ച മങ്ങിയ കണ്ണുകൾ
ഉറക്കം കെടുത്തിയ ബാധ്യതകളുടെ
വീർത്ത ഞരമ്പുകളാകുന്നു.
ആളൊഴിഞ്ഞ തലയതിർത്തിക്കിടയിൽ
നരച്ച രോമങ്ങൾ പൊഴിഞ്ഞ
കാലത്തിന്റെ കാവൽക്കാരാകുന്നു.
എങ്കിലും, ചുമരിൽ തൂക്കിയ
കലണ്ടറിലേക്കു നോക്കി
നീണ്ട പ്രവാസത്തിന്റെ ഒടുക്കം
തിരയവെ കുളിർമയുടെ
തിരുമുറ്റത്തോടിക്കളിക്കുന്ന
ചെറുമക്കൾക്കിടയിലേക്കായി
കടലാസു വിമാനമായി മനസ്സും
പറന്നു വീഴുന്നു.
നഷ്ടപ്പെട്ട യൗവനത്തിൽ
ഓലക്കുടിലിന്റെ പുറകിലായി,
പോകേണ്ടെന്നു നിറമിഴിയോടെ
സ്വകാര്യം പറഞ്ഞവൾ പലപ്പോഴും
വിമാനത്തിന്റെ ചിറകുകളായി മാറുന്നു.
കത്തിലൂടെ പിറവിയറിഞ്ഞ,
ആരോ എത്തിച്ച ആൽബത്തിലെ
ഏടായിമാറിയ പൊന്നുമോൾക്കിന്ന്
മക്കൾ രണ്ടെണ്ണം!
ആനകളിക്കണം, ആറ്റിൽ മുങ്ങണം, ചൂണ്ടയിടണം,
ഉപ്പാന്റെ ഖബറിങ്ങൽ കരഞ്ഞു പറയണം.
കലണ്ടറിലെ അക്കം നാടു വരയ്ക്കുമ്പോൾ,
കിനാക്കളറിയാതെ ഇടവഴിയാകുന്നു.
ഇനിയില്ലെന്നു പതിയെ പറഞ്ഞ
മണ്ണിലേക്ക് വിധികൾ മടക്കവണ്ടിയയക്കുമ്പോൾ,
ലോണടയ്ക്കണം. പണയം പുതുക്കണം,
മതിലു പണിയണം,
കെട്ട്യോളെ മക്കം കാണിക്കണം.
അവധിയ്ക്കൊടുക്കം നെഞ്ചിലെ കനലമർത്താൻ
ഒരിക്കൽകൂടി ചിറകു നെയ്യുന്നു,
ദേശാടനപ്പക്ഷിയാകുന്നു.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# GREEN HOME
## RESIDENTIAL CAMPUS
**FOR BOYS AND GIRLS**

# REGISTRATION OPEN
## FOR GRADE 5-9






## SPECIALITIES

- Affiliated to CBSE Board of Education, New Delhi
- Seasoned & Experienced Faculty
- Curriculum Enriched with Belief System, Islamic Studies, Ethics and Morals
- Memorization of a Prescribed Portion of the Holy Qur'an with Thajweed Rules
- Communicative English and Academic Support with Subject Faculties
- Counselling Facility for Socio-Emotional Well Being
- Healthy and Nutritious Menu
- Sports and Fitness Facilities
- Computer lab for Learning Enhancement

**CONTACT : +91 9061 746 600
+91 9061 716 600**

greenvalleycampus

GREEN VALLEY
PUBLIC SCHOOL
greenvalleycampus

*Green Valley Campus
Nellikkaparamba, Mukkam, Kozhikode
Kerala, Pin: 673602
Tel: 0495-220 8770, Mob: 9061716600
E-Mail: info@greenvalleycampus.com
Web: www.greenvalleycampus.com*

*For Registration
Scan QR Code*

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
17 May 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

